SET FIT FOCUS





# FMGHSS

## Koompanpara

# INDEX


ആശംസ ........ 1

എന്റെ വിദ്യാലയം ........ 2

ആശംസ ........ 3

അനുഭവതാളുകളിലൂടെ കൈറ്റ്സ് അംഗം ........ 4

ആശംസ ........ 5

ലിറ്റിൽ കൈറ്റ്സ് ........ 6

കുമ്പൻപാറ ഫാത്തിമ മാതാ സ്കൂളിന്റെ അഭിമാനം ........ 8

എന്റെ നന്മമരം ........ 9

കത്തിയെരിയുന്ന ജീവിതമൂല്യങ്ങൾ ........ 10

സമാധാനം ........ 11

കാലാവസ്ഥാവ്യതിയാനം ........ 12

അനുഭവക്കുറിപ്പ് ........ 13

ചിതലരിച്ച മനസുകൾ ........ 14

അതിജീവനത്തിന്റെ പാഠങ്ങൾ ........ 15

വർണങ്ങൾ വരകളിലൂടെ ........ 16

അച്ഛൻ.......................................................................17

മൊബൈൽ ഗുണങ്ങളും ദോഷങ്ങളും..........................................18

പുതുമണം..................................................................19

തനിയെ ഇരിക്കുമ്പോൾ......................................................20

പ്രളയം....................................................................21

മദ്യ നിരോധനത്തിന്റെ പ്രസക്തി.............................................22

ഭൂമിദേവി..................................................................24

പ്രോത്സാഹിപ്പിക്കുന്ന ഒരു വാക്ക്...............................................25

ഉൾക്കനൽ.................................................................26

ഗ്രേറ്റ എർമാൻ തൻബർഗ്...................................................27

എന്താണ് ജീവിതം..........................................................28

മലാല യുസഫ്സായ്..........................................................29

കുപ്പായം ..................................................................30

പ്ലാസ്റ്റിക്ക് മലിനീകരണം....................................................31

കുസൃതി ചോദ്യങ്ങൾ.......................................................32

ഉറങ്ങാത്ത നാളുകൾ.......................................................33

ആത്മവേദന................................................................34

തീപിടിച്ച ആമസോൺ ..................................................... 35

തിരിഞ്ഞുനോട്ടം........36

ഇ-വേസ്റ്റ്........37

മിക്കോ 2........39

മൂർച്ച ........40

ചിത്രവും ചിന്തയും........41

എന്റെ മാത്രം യാത്ര........42

കാനൺ........43

പുതുമഴ........44

പ്രകൃതി സംരക്ഷണം........45

മക്കളുടെ കടമ........46

പറവകൾ........47

രക്തദാനം മഹാദാനം........48

പ്രകൃതിവർണ്ണങ്ങൾ........49

രാഗങ്ങൾ ഓരോന്നായി........50

തണൽ........51

നന്ദി........52

# EDITORIAL



# ആശംസ



2019–2021 അധ്യയന വർഷത്തിൽ നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്നു എന്നത് സന്തോഷം നൽകുന്നതാണ്. ഒൻപത്, പത്ത് ക്ലാസ്സിലെ വിദ്യാർത്ഥിനികളായ എഴുപതോളം കുട്ടികളാണ് ഈ ക്ലബിൽ അംഗങ്ങളായിട്ടുള്ളത്. ഐ.ടി. സാങ്കേതികവിദ്യയുടെ പ്രയോഗത്തിലും പഠനത്തിലും ഈ കുട്ടികൾ മാത്രമല്ല, ക്ലാസ്സിൽ മറ്റ് കുട്ടികളെയും മുൻ നിരയിൽ എത്തിക്കാൻ ലിറ്റിൽ കൈറ്റ്സിലെ കുട്ടികൾ പരിശ്രമിക്കുന്നു എന്നത് അഭിനന്ദനാർഹമാണ്. സമൂഹത്തിലെ നാനാതുറകളിൽ പെട്ടവർക്കും ഇവരുടെ സേവനം ലഭ്യമാകട്ടെയെന്ന് ആശംസിക്കുന്നു. ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിലെ കുട്ടികൾ തയ്യാറാക്കിയ " സെറ്റ് ഫിറ്റ് ഫോക്കസ് " എന്ന പേരിലുള്ള ഡിജിറ്റൽ മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

സി. ലാലി മാണി

ഹെഡ്മിസ്ട്രസ്സ്, എഫ് എം ജി എച്ച് എസ് കൂമ്പൻപാറ

# എന്റെ വിദ്യാലയം

ആദ്യമായി അമ്മതൻ കൈയ്യിൽ
തൂങ്ങി ഞാൻ വിദ്യാലയ പടികൾ ചവിട്ടിയത്
പേടി സ്വപ്നങ്ങളോടെയാണ്
എന്നാൽ വിദ്യ പകരുന്ന വിദ്യാലയം
എന്നിൽ പൊഴിച്ചു വിദ്യ തൻ വർഷം
സ്നേഹവും നന്മയും എന്നിൽ നിറയ്ക്കുവാൻ
സുഹൃത്തുക്കളെയും അധ്യാപകരെയും എനിക്ക് നൽകി
ഇന്ന് ഞാൻ ഓർക്കുമ്പോൾ
ഒരു സുന്ദര സ്വപ്നമാണെൻ വിദ്യാലയം
എൻ വിദ്യാലയത്തിലേക്ക് മടങ്ങിപ്പോകുവാൻ
എൻ ഉള്ളം തുടിക്കുന്നു
ഓർമ്മകൾ ബാക്കിയായി വിദ്യാലയം..........



ഐശ്വര്യ മനോജ്

# ആശംസ

കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ ഐ.ടി അധിഷ്ഠിത പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന കൈറ്റിന് കീഴിൽ ഫാത്തിമ മാതാ ഗേൾസ് ഹയർ സെക്കൻണ്ടറി സ്കൂളിൽ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ വളരെ വിപുലമായി രീതിയിൽ നടക്കുന്നു. ഫാത്തിമ മാതാ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് വളരെ നന്നായി പ്രവർത്തിക്കുന്നു. കൈറ്റ് മിസ്ട്രസ്സായി പ്രവർത്തിക്കുന്നതിൽ എനിക്ക് ഏറെ അഭിമാനമുണ്ട്. ഓരോ ക്ലാസ്സുകളിലെ ഹൈടെക് സംവിധാനങ്ങൾ കാര്യക്ഷമമായി ഉപയോഗിക്കുന്നതിലും സൂക്ഷിക്കുന്നതിലും ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ പുലർത്തുന്ന ശ്രദ്ധ എന്നെ ഏറെ സന്തോഷിപ്പിക്കുന്നു. ഇൻഫർമേഷൻ ടെക്നോളജിയുടെ ഈ കാലഘട്ടത്തിൽ കൂടുതൽ അറിവുകൾ സ്വായത്തമാക്കാനും ആ അറിവുകൾ പങ്കുവെക്കാനും ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ എന്നും മുന്നിൽ തന്നെ. മാനുഷിക മൂല്യങ്ങളോടൊപ്പം സാങ്കേതിക വിദ്യയിലും മികച്ച നിലവാരം പുലർത്തുന്ന ഒരു തലമുറയെ വളർത്തിയെടുക്കുന്നതിനായി കൈറ്റ് ആരംഭിച്ചിരിക്കുന്ന ഈ സംരഭത്തിൽ കുട്ടികളുടെ ഭാവനകൾ ചിറക് വിരിച്ച " സെറ്റ് ഫിറ്റ് ഫോക്കസ് " ന് എല്ലാ ഭാവുകളും നേരുന്നു.



സി.ഷിജിമോൾ സെബാസ്റ്റ്യൻ
( കൈറ്റ് മിസ്ട്രസ്)

# അനുഭവതാളുകളിലൂടെ കൈറ്റ്സ് അംഗം......

ലിറ്റിൽ കൈറ്റ്സ് 2018-20 ബാച്ചിലെ കുട്ടികളുടെ സംസ്ഥാനതല ക്യാമ്പ് കളമശ്ശേരി സ്റ്റാർട്ടപ്പ് മിഷനിൽ വച്ച് ആഗസ്റ്റ് 8,9 തിയതികളിൽ വച്ച് നടത്തപ്പെട്ടു.ഈ ക്യാമ്പിൽ പങ്കെടുത്തത് 231 കുട്ടികളായിരുന്നു. ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി പ്രൊ. സി. രവീന്ദ്രനാഥ് ക്യാംപ് ഉദ്ഘാടനം ചെയ്തു. കുട്ടികൾ വിവിധ തരം പരിശീലനങ്ങളിൽ ഏർപ്പെട്ടു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, വർച്ചൽ റിയാലിറ്റി, റോബോട്ടിക്സ്, 3D ക്യാരക്ടർ ഡിസൈനിംഗ്, അനിമേഷൻ പ്രി പ്രൊഡക്ഷൻ, പോസ്റ്റ് പ്രൊഡക്ഷൻ, ഡ്രോയിംഗ് എന്നിവയായിരുന്നു ക്ലാസുകൾ. അതിനുശേഷം സ്ക്രാച്ച് , ആനിമേഷൻ എന്നിങ്ങനെ രണ്ടു ഗ്രൂപ്പുകളായി തിരിച്ചു. ഓരോ ജില്ലയിൽ നിന്നും കുട്ടികൾ ചെയ്ത മികച്ച പ്രവർത്തനങ്ങൾ കാണിച്ചു തരുകയും ചെയ്തു.

ഇടുക്കി ജില്ലയിൽ നിന്നും എന്റെ പ്രവർത്തനമായിരുന്നു കാണിച്ചത്. ഇതിനു ശേഷം വലിയ റോബോട്ടിക്സ് കമ്പനികളായ അസിമോ റോബോട്ടിക്സ്, റോബോ ഇൻവെൻഷൻസ് എന്നിവർ എ എൽ,വി ഐ, എ ആർ, റോബോട്ടിക്സ് എന്നിവയെ കുറിച്ച് ക്ലാസ്സ് എടുത്തു തന്നു. അതിനുശേഷം 3D ക്യാരക്ടർ ഡിസൈനിംഗ്, അനിമേഷൻ പ്രി പ്രൊഡക്ഷൻ, പോസ്റ്റ് പ്രൊഡക്ഷൻ, ഡ്രോയിംഗ് എന്നിയെ കുറിച്ച് കെ.മധു സർ ക്ലാസ്സ് എടുത്തു. അതിനുശേഷം ഞങ്ങൾ 4 ഗ്രൂപ്പുകളായി തിരിഞ്ഞ് മേക്കർ വില്ലേജ് കാണുവാനായി പോയി. അവിടത്തെ ഓരോ മിഷനുകളും എന്നെ അതിശയിപ്പിച്ചു. അവിടെ പുതിയ പുതിയ കണ്ടുപിടുത്തങ്ങൾ നടന്നുകൊണ്ടിരിക്കുകയായിരുന്നു. ഇതെല്ലാം കഴിഞ്ഞ് 9.30 കഴിഞ്ഞപ്പോൾ ഹാളിൽ എല്ലാവരും കൂടി ഒരു ചെറിയപ്രസംഗത്തിനുശേഷം ഞങ്ങൾക്കായി സജ്ജീകരിച്ച റൂമുകളിലേക്ക് ഞങ്ങൾ എല്ലാവരും പോയി.



അഞ്ജന അശോക് ,10 D

# ആശംസ

പൊതു വിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി നമ്മുടെ സ്കൂളിൽ രൂപീകൃതമായ ലിറ്റിൽ കൈറ്റ്സ് വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. കൈറ്റ് മിസ്ട്രസായി പ്രവർത്തിക്കുന്നതിൽ എനിക്ക് വളരെ അഭിമാനമുണ്ട്. ഹൈടെക് സംവിധാനങ്ങൾ ഉപയോഗം വർദ്ധിക്കുന്ന ഈ കാലഘട്ടത്തിൽ അതിനെ കുറിച്ച് വളരെയധികം പഠിക്കുകയും അത് മറ്റുള്ളവരുമായി പങ്കുവയ്ക്കുകയും ചെയ്യുന്നതിൽ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ വിജയകരമായി മുന്നേറുന്നു. സ്കൂൾ വിദ്യാഭാസത്തോടൊപ്പം ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ അഭിമാനാർഹം മുന്നേറുന്നു. “SET FIT FOCUS “ എന്ന ഈ മാസികയ്ക്ക് എന്റെ എല്ലാ വിധ ആശംസകളും നേരുന്നു.

ശ്രീമതി. റീന ജെയിംസ്

# ലിറ്റിൽ കൈറ്റ്സ്

വിവര വിനിമയ സാങ്കേതിക രംഗത്ത് കുട്ടികൾ സ്വാഭാവികമായി പ്രകടിപ്പിക്കുന്ന താൽപര്യത്തെ പരിഭോഷിപ്പിക്കുക, സാങ്കേതിക വിദ്യയും സോഫ്റ്റ്‌വെയറുകളും ഉപയോഗിക്കമ്പോൾ പാലിക്കേണ്ട മൂല്യങ്ങളും സംസ്കാരവും കുട്ടികളിൽ സൃഷ്ടിക്കുക. വിവര വിനിമയ സങ്കേതങ്ങൾ ആഴത്തിലും പരപ്പിലും സ്വായത്തമാക്കാനുള്ള സാഹചര്യം കുട്ടികൾക്ക് ഒരുക്കുക. അവ നിർമ്മിക്കപ്പെട്ടതിന്റെ അടിസ്ഥാനാശയങ്ങളും അവയുടെ പ്രവർത്തന പദ്ധതിയുടെ യുക്തിയും ഘടനയും പരിചയപ്പെടുത്തുക. വിദ്യാലയങ്ങളിലെ ഹൈടെക് ഉപകരണങ്ങളുടെ ഉപയോഗവും നടത്തിപ്പും പരിപാലനവും കാര്യക്ഷമമാക്കുന്നതിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കുക. വിദ്യാലയത്തിലെ ഹൈടെക് അധിഷ്ഠിത പഠനപ്രവർത്തനങ്ങളുടെ മികവ് കൂട്ടുക, ഉപകരണങ്ങൾക്ക് ഉണ്ടായേക്കാവുന്ന ചെറിയ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വിദ്യാർത്ഥികളുടെ സഹകരണം ഉറപ്പാക്കുക, സുരക്ഷിതവും യുക്തവും മാന്യവുമായ ഇന്റർനെറ്റ് ഉപയോഗം, സൈബർ കുറ്റകൃത്യങ്ങൾ എന്നിവയെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവാൻമാരാക്കുകയും ഇതുമായി ബന്ധപ്പെട്ട പ്രചാരണ പരിപാടികളിൽ നേതൃപരമായ പങ്കാളിത്തം വഹിക്കാൻ പ്രാപ്തരാക്കുകയും ചെയ്യുക. ഭാഷാകമ്പ്യൂട്ടിംഗിന്റെ പ്രാധാന്യത്തെക്കുറിച്ച് കുട്ടികളെ ബോധവാൻമാരാക്കുകയും വിവിധ ഭാഷാകമ്പ്യൂട്ടിംഗ് പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുള്ള അവസരം അവർക്ക് ലഭ്യമാക്കുകയും ചെയ്യുക, സംഘപഠനത്തിന്റെയും സഹവർത്തിത പഠനത്തിന്റെയും അനുഭവങ്ങൾ കുട്ടികൾക്ക് പ്രദാനം ചെയ്യുക. പഠനപ്രക്രിയയിൽ ഉപയോഗിക്കാവുന്ന ഡിജിറ്റൽ ഉത്പന്നങ്ങൾ നിർമ്മിക്കുക. പുതുതലമുറ സാങ്കേതിക ഉപകരണങ്ങൾ പരിചയപ്പെടാനും അവ ഉപയോഗിച്ച് വിവിധ നിർമ്മാണ പ്രവർത്തനങ്ങളിൽ

പങ്കാളിയാകാനുമുള്ള അവസരം വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുക. പഠനപ്രോജക്ട് പ്രവർത്തനങ്ങൾക്കുള്ള മേഖലകൾ കണ്ടെത്തി ഗവേഷണ പ്രവർത്തനങ്ങൾ ചെയ്യാനുള്ള താൽപര്യം വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ ഐ.ടി അധിഷ്ഠിത പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന കൈറ്റിന്റെ കീഴിൽ ഫാത്തിമ മാതാ ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിൽ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ വളരെ വിപുലമായ രീതിയിൽ നടക്കുന്നു. ഈ പദ്ധതിയിൽ 2018 – 20 വർഷത്തെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായി സ്കൂളിലെ പത്താം ക്ലാസ് വിദ്യാർത്ഥിനികളായ 35 കുട്ടികൾ പങ്കെടുക്കുന്നു. യൂണിറ്റ് ലീഡറായി കുമാരി മന്ന ജോർജ്ജും ഡപ്യൂട്ടി ലീഡറായി ദിയ ഷജീറും പ്രവർത്തിക്കുന്നു.2019 – 21 വർഷത്തെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായി സ്കൂളിലെ ഒൻപതാം ക്ലാസ് വിദ്യാർത്ഥിനികളായ 35 കുട്ടികൾ പങ്കെടുക്കുന്നു. യൂണിറ്റ് ലീഡറായി കുമാരി മയൂൺ സാറാ തരകനും ഡപ്യൂട്ടി ലീഡറായി ഏദ്യ ജിജോയും പ്രവർത്തിക്കുന്നു. കൈറ്റ് മിസ്ട്രസ്സുമാരായി സി.ഷിജിമോൾ സെബാസ്റ്റ്യൻ, ശ്രീമതി റീന ജെയിംസ് എന്നിവർ പ്രവർത്തിക്കുന്നു. ചെയർമാൻ – ശ്രീ സി.യു തോമസ്, കൺവീനർ – സി. ലാലി മാണി, വൈസ് ചെയർമാൻമാരായി ശ്രീമതി ലിജ ജോയിസൺ, ശ്രീ സുനീർ കാരിമറ്റം എന്നിവരും പ്രവർത്തിക്കുന്നു. മാനുഷിക മൂല്യങ്ങളോടൊപ്പം സാങ്കേതിക വിദ്യയിലും മികച്ച നിലവാരം പുലർത്തുന്ന ഒരു തലമുറയെ വളർത്തിയെടുക്കുന്നതിനായി കൈറ്റ് ആരംഭിച്ചിരിക്കുന്ന ഈ സംരംഭം പരമാവധി പ്രയോജനപ്പെടുത്താൻ ഫാത്തിമ മാതയിലെ കുട്ടികൾ പ്രതിജ്ഞാബദ്ധരാണ്.



അലീഷ ഷൈജു

## കുമ്പൻപാറ ഫാത്തിമ മാതാ സ്കൂളിൻെറ അഭിമാനം......



# എന്റെ നന്മമരം

നിൻ നന്മമരമാണെന്ന സമസ്യ
എന്നിൽ ഉയർത്തപ്പെട്ട നിമിഷമെല്ലാം,
തെല്ലുപോലുമേ ചാഞ്ചല്യമില്ലാതെ –
യെൻചിത്തമേകിയ പ്രത്യുത്തരമാണ്,
'എൻ മുത്തശ്ശി'
എൻ ഛായയായി ഛായാബിംബമായി,
അകതാരിലറിവുതൻ കാന്തിയായി,
ജീവിതമാം വീഥിയിലെ സന്ദേഹമാം ശിലകളെ
ശോഭകൻ മലരുകളാക്കിയെൻ മുത്തശ്ശി.
അവർ തൻ ജീവിത നന്മ ഞാനെൻ
പിതാവിൽ ദർശിപ്പൂ,ചില നിമിഷമെങ്കിലും
എൻ അച്ഛനമ്മമാരേയും സ്നേഹത്തി–
ലധികമായി ഞാൻ കണ്ടെത്തുവാനാശിച്ച
മുത്തശ്ശി തൻ സ്നേഹത്തെ.
അമ്മയിൽ ഞാൻ ജീവനായി തുടിക്കെ,
മുത്തശ്ശിയേകിയ ചുംബനങ്ങൾ, ഇന്നുമെൻ
സിരകളിൽ പ്രാണനായി ഒഴുകിടുന്നു.
ഇത്രയാകിലും എൻ മുത്തശ്ശി,ഞാൻ
പിറന്നു വീഴാനീശ്വരനേകിയ നിമിഷത്തിനും മുൻപേ
എനിക്കായി ആവോളം സ്നേഹം
ബാക്കിവച്ചെൻനന്മമരം,
എന്നെവിട്ടകന്നു പോയി......



ഹിത പർവിൻ


# കത്തിയെരിയുന്ന ജീവിതമൂല്യങ്ങൾ....

✔ "നിങ്ങളുടെ അമ്മയോട് സംസാരിക്കുമ്പോൾ മൂർച്ചേറിയവാക്കുകൾ ഉപയോഗിക്കരുത്. നിങ്ങളെ സംസാരിക്കാൻ പഠിപ്പിച്ചത് ആ അമ്മയാണെന്ന് മറക്കരുത് ".

✔ "വികാരപരമായ കറുപ്പ് മോശ നിറമാണ്.
എന്നാൽ ഓരോ ബ്ലാക്ക് ബോർഡുകളാണ്
ഓരോ വിദ്യാർത്ഥിയുടെയും ജീവിതം ശോഭനമാക്കുന്നത് .

✔ വിജയികളുടെ കഥകൾ നിങ്ങൾ വായിക്കരുത്. അതിൽ നിന്ന് നിങ്ങൾക്ക് സന്ദേശമെ കിട്ടുകയുള്ളൂ. പരാജിതരുടെ കഥകൾ നിങ്ങൾ വായിക്കുക, അതിൽ നിന്ന് വിജയിക്കാനുള്ള പ്രചോദനം ലഭിക്കും.

✔ ആദ്യ പരാജയം അഭിമുഖീകരിക്കാൻ നിങ്ങൾ ഭയക്കരുത്.കാരണം വിജയകരമായ ഒരു കണക്കുപോലും തുടങ്ങുന്നത് പൂജ്യത്തിൽ നിന്നാണ്. വിജയം ആസ്വാദകരമാകണമെങ്കിൽ പ്രയാസങ്ങൾ ആവശ്യമാണ്.



ആദില ഇല്യാസ്

# സമാധാനം......

മഴത്തുള്ളി തൻ താളം പാടുന്നു
ശാന്തി തൻ ഒരല......
പക്ഷി പാടും ഗാനം കേൾക്കു
ശാന്തി തൻ ഒരല......
വെള്ളത്തിൽ നീന്തും മത്സ്യം
ശാന്തി തൻ ഒരല......
കുട്ടികൾ തൻ തിമിർക്കും ചിരിയോ
ശാന്തി തൻ ഒരല......
വനത്തിൽ മൂളും ഗാനം
ശാന്തി തൻ ഒരല......
ഉദിച്ചസ്തമിക്കും സൂര്യദേവൻ
അലകൾ പാടും ഗാനവും
ശാന്തി തൻ ഒരല......
തേടിയെത്തും ശാന്തി പല രൂപത്തിൽ
നമ്മെ മൂടട്ടെ ഈ ശാന്തി തൻ അലകൾ......



മരിയ സോയി

# കാലാവസ്ഥാവ്യതിയാനം

മഴയും കാറ്റും ഇടിമിന്നലുമൊക്കെ നിയന്ത്രിക്കുന്നത് ആരാണ്?

ദേവാധിദേവനായ സ്യൂസ്. ഇതായിരുന്നു പുരാതന ഗ്രീക്കുകാരുടെ വിശ്വാസം. എന്നാൽ , പുരാതന റോമക്കാരുടെ കാലവസ്ഥാദേവൻ ജൂപീറ്റർ ആണ്. ഭാരതീയ പുരാണങ്ങൾ പ്രകാരം കാലാവസ്ഥയെ നിയന്ത്രിക്കുന്നതാവട്ടെ ദേവന്മാരുടെ രാജാവായ ഇന്ദ്രനും. ഇതൊക്കെ പുരാണങ്ങളിലെ കാര്യം . യഥാർഥത്തിൽ കാലാവസ്ഥയെ നിയന്ത്രിക്കുന്നത് പ്രധാനമായും അഞ്ച് ഘടകങ്ങളാണ്. വായു, ജലം, മഞ്ഞ്, ശിലകൾ നിറഞ്ഞ ഭൗമോപരിതലം സസ്യജന്തുജാലങ്ങൾ എന്നിവയാണിവ. ഈ ഘടകങ്ങൾക്കിടയിൽ വൻ തോതിൽ നടത്തുന്ന ഊർജവിനിമയമാണ് കാലാവസ്ഥ നിർണയിക്കുന്നത്.ഭൗമോപരിതലത്തിൽ നിന്ന് കിലോമീറ്ററുകളോളം ഉയരത്തിൽ വ്യാപിച്ചു കിടക്കുന്ന വാതകപ്പുതപ്പാണ് അന്തരീക്ഷം.

നൈട്രജൻ, ഓക്സിജൻ ഹരിതഗൃഹവാതകങ്ങൾ തുടങ്ങിയവ ചേർന്നതാണീപ്പുതപ്പ്.. ഭൂമിയിലെ ജലസാന്നിധ്യമാണ് ജലമണ്ഡലം എന്ന ഹൈഡ്രോസ്ഫിയർ. ഇവിടെയാണ് ജലചക്രം രൂപം കൊള്ളുന്നത്. അന്തരീക്ഷത്തിൽ വെള്ളത്തിന്റെ ചലനം സാധ്യമാക്കുന്ന ജലചക്രത്തിലൂടെ വർഷപാതത്തിന്റെ ക്രമം നിർണ്ണയിക്കപ്പെടുന്നു. വെള്ളം ഖരരൂപത്തിൽ കാണപ്പെടുന്ന ഭൂഭാഗങ്ങളാണ് ക്രയോസ്ഫിയർ. കടൽമഞ്ഞ്, മഞ്ഞ്പാളികൾ, മൂടൽമഞ്ഞ് എന്നിവയെല്ലാം ഇതിൽ പെടുന്നു. ലിത്തോസ്ഫിയറിന്റെ ഭാഗമായ ഭൗമോപരിതലത്തിലെ പർവ്വതങ്ങളും താഴ്വരകളും കാറ്റിന്റെ ഗതിനിർണയിക്കുന്നു. കാറ്റിനെ തടഞ്ഞ് മഴ പെയ്യിക്കുന്നതിലും പർവ്വതങ്ങൾക്ക് വലിയ പങ്കുണ്ട്. ജൈവമണ്ഡലത്തിന്റെ ഭാഗമായ കാടുകൾ സൂര്യന്റെ ചൂട് നിയന്ത്രിക്കുന്നതിലും മഴവെള്ളം സംഭരിക്കുന്നതിലും പ്രമുഖ പങ്ക് വഹിക്കുന്നു.ജൈവമണ്ഡലത്തിന്റെ ഭാഗമായ മനുഷ്യരുടെ ഇടപെടലുകളാണ് കാലാവസ്ഥാമാറ്റത്തിന്റെ ഏറ്റവും വലിയ കാരണമായി കണ്ടെത്തിയിരിക്കുന്നത്.



അസ്ന ഫാത്തിമ ഒ ഏ

# അനുഭവക്കുറിപ്പ്

സംസ്ഥാന ലിറ്റിൽ കൈറ്റ്സ് ക്യാമ്പ് 8,9 തിയതീകളിലായി എറണാകുളം ജില്ലയിലെ കളമശ്ശേരി സ്റ്റാർട്ടപ്പ് മിഷൻ സെന്ററിൽ വച്ച് സംഘടിപ്പിക്കപ്പെട്ടു. 9:00 മണിയോട്ടു കൂടി ക്യാമ്പിൽ പങ്കെടുക്കാനുള്ള 230 കുട്ടികളും അവരുടെ എസ്കോർട്ടിങ്ങ് ടീച്ചേർസിനോടൊപ്പം എത്തിച്ചേർന്നു. രജിസ്ട്രേഷനു ശേഷം എല്ലാവരോടും മെയിൻ ഹാളിൽ എത്താൻ ആവശ്യപ്പെട്ടു. 9:30 നോട്ടു കൂടി ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി പ്രഫ.രവീന്ദ്രനാഥ് ,അൻവർ സാദത്ത്,മറ്റ് ലിറ്റിൽ കൈറ്റ്സ് ഭാരവാഹികൾ ഉദ്ഘാടന കർമ്മത്തിനായി എത്തിച്ചേർന്നു.

ആദ്യത്തെ സംസഥാന ലിറ്റിൽ കൈറ്റ്സ് ക്യാമ്പ് സി.രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്തു. ആനിമേഷൻ കുട്ടികളെ ത്രീ ഡി ആംഭി തിയേറ്ററിലേക്കും പ്രോഗ്രാമിങ്ങ് കുട്ടികളെ പ്രൊജക്ടർ റൂമിലേക്കും മാറ്റി 3 ഗ്രൂപ്പാക്കി തിരിച്ചു. $P_1$ ഗ്രൂപ്പിലായിരുന്നു ഞാൻ ഉൾപ്പെട്ടിരുന്നത്.ഈ രണ്ടു ദിവസങ്ങളായി നടക്കുന്ന പ്രവർത്തനങ്ങളെ ഞങ്ങൾക്കു പരിചയപ്പെടുത്തി. ജനറേറ്റീവ് അഡ്വേർഷിയൽ നെറ്റ്വർക്ക് കളും അതിന്റെ യന്ത്രങ്ങളെ പറ്റിയും ഞങ്ങൾക്ക് ക്ലാസ്സ് എടുത്തു.ആർറ്റിക്കൽ ഇന്റലിജൻസ് ക്ലാസ് എടുത്തു. വിൻലി കട്ടർ ,PCB മില്ലിങ്, ഡിജിറ്റൽ ഓസിലോസ്കോപ്പ് , സ്ക്രോൾ സോ ബാന്റ് സോ , ഫർനേസ് അബ്രസീവ്, ബ്ലാസ്റ്റർ ,ഹെയ്സർ കട്ടേഴ്സ് തുടങ്ങിയ യന്ത്രങ്ങളും അവയുടെ ഉപയോഗവും പ്രവർത്തനങ്ങളും ഫാബ് ലാബ് –ൽ കാണുവാനായി പിന്നീട് പോയത് മേക്കർ വില്ലേജിലേക്കായിരുന്നു. മേക്കർ വില്ലേജിലെ പുതിയ കണ്ടുപിടുത്തങ്ങളുംപരീക്ഷണങ്ങളുംഞങ്ങൾക്കു പ്രചോദനം പകർന്നു. പുതിയ ചിന്തകൾക്കും ചിറകു പിടിപ്പിച്ചു തരുന്ന ഒരു പ്ലാറ്റ്ഫോമായിരുന്നു.ഇൻഡസ്ട്രിയൽ വിസിറ്റിനു ശേഷം ഞങ്ങൾ ആംഭി തിയേറ്ററിൽ എത്തിച്ചേർന്നു.ആമെന്റ് റിയാലിറ്റി,ഉപയോഗങ്ങൾ,കരിയർ,അടിസ്ഥാന ഒരുക്കം ,ബോധവൽക്കരണം തുടങ്ങിയവയെ സംബന്ധിച്ച ക്ലാസായിരുന്നു.അതിനുശേഷം രാത്രി 7:00 ന് എല്ലാവരും മെയിൻ ഹാളിൽ എത്തി.ജനറൽ സെക്ഷൻ ക്ലാസിന് ഭക്ഷണത്തിനു ശേഷം ഞങ്ങൾ താമസസ്ഥലത്തേയ്ക്ക് മടങ്ങി.

**അൻസിയ സിദ്ധീഖ് 10 D**

# ചിതലരിച്ച മനസുകൾ

ഇരുൾ വിതയ്ക്കും കിനാപ്പാടങ്ങളിൽ

പെയ്യും മോഹനീർത്തുള്ളിയിൽ
നനഞ്ഞിതളുകൾ പൊഴിഞ്ഞ്
തളരും നിലാപ്പൂമരങ്ങൾ .
മാനസസരസ്സിലരയന്നമാകുവാൻ
നന്മയൊഴിച്ചു സൂക്ഷിച്ച ചിപ്പികൾ
ചിതൽ ചമച്ചീ ചില്ലുകൂട്ടിന്നകത്തളം
പ്രൗഢമായലങ്കാര മഞ്ചലും .
ഹൃദയം ചെമന്ന മണ്ണിൽ പൊതിഞ്ഞു,
ഹിമശൈലമായ് മിഴിനീരൊക്കെയും,
അപരാധമേതും യോഗ്യരായ് പുൽകി,
ന്യായത്തെ അന്യായമാക്കുന്ന ചെയ്തികൾ .
കനിവിൻ തടാകക്കരയിലൊരിറ്റിനായ്,
മിഴിയോരത്തായ് വഞ്ചിയിൽ കാക്കും,
തളരും കരങ്ങളെ പരിഹസിക്കാൻ
ചിതൽ കാർന്നിഴയും മനസുകൾ .
കാത്തിരിപ്പൂ തമസ്സിലുദിക്കും പൊൻ
തിങ്കൾ വെട്ടവും , ചൊരിയുമൗദാര്യ
ലഹരി നുണയുവാൻ, കനിവിൻ
വല്ലരിയിലൂഞ്ഞാൽ തീർക്കുവാൻ



അൽന സിജോ

# അതിജീവനത്തിന്റെ പാഠങ്ങൾ

പ്രളയദുരന്തത്തിൽ നിന്നും കരകയറാനുള്ള തീവ്രശ്രമത്തിലാണ് കേരളം. അത്ഭുതപൂർവ്വമായ സഹകരണത്തിനും ഔധാര്യത്തിനുമാണ് നാം സാക്ഷ്യംവഹിക്കുന്നത്. ഭരണയന്ത്രവും പൊതുസമൂഹവും ഏകോപനത്തോടെ പ്രവർത്തിച്ചാൽ നമ്മുടെ ദേശത്തിന്റെ പുനർനിർമ്മാണം വേഗത്തിൽ സാദ്ധ്യമാകും. അനുഭവങ്ങളിൽനിന്ന് പാഠമുൾക്കൊള്ളുവാനും ശാസ്ത്രം നല്കുന്ന അറിവുകളെ സ്വീകരിക്കാനും ഒരു ജനതയെന്ന നിലയിൽ നാം തയ്യാറാകണമെന്നു മാത്രം. വികസനത്തേക്കുറിച്ചുള്ള കേരളീയന്റെ കാഴ്ചപ്പാടുകൾ മാറേണ്ടതുണ്ട്. പ്രകൃതിവിഭവങ്ങളെ ഏറ്റവും സൂക്ഷ്മതയോടെ വേണം നാം ഉപയോഗിക്കാൻ. ഈ ഭൂമിയിലുള്ള പരിമിതമായ വിഭവങ്ങൾ വരും തലമുറയ്ക്കുകൂടി അവകാശപ്പെട്ടതാണ്. സമ്പുഷ്ടമായ മണ്ണും ശുദ്ധജലവും ശുദ്ധവായുവും മനുഷ്യരാശിയുടെ മാത്രമല്ല ജീവലോകം മുഴുവന്റെയും പൊതുസ്വത്താണ്. നമ്മൾ മനുഷ്യർ ഈ വിഭവങ്ങളുടെ സൂക്ഷിപ്പുകാർ മാത്രമാണ്. തീവ്രമായ ഒരു വിഭവസമാഹരണ യജ്ഞത്തിലാണ് നമ്മുടെ ഭരണകൂടമിന്ന്. ചിലവ് ചുരുക്കലാണ് ഇതിനുള്ള പ്രധാന മാർഗ്ഗം . പ്രകൃതി വിഭവങ്ങളുടെ ഉപഭോഗം കുറയ്ക്കുക ഭാവിയിലെ ഉപയോഗത്തിനായി അവയെ സൂക്ഷിച്ചു വയ്ക്കുക എന്നതാണ് ചിലവുചുരുക്കലിന്റെ അത്യന്തിക അർത്ഥം. . ഒറ്റ ഉപയോഗത്തിനുശേഷം വലിച്ചെറിയുന്ന വസ്തുക്കൾ പ്രകൃതിക്ക് വലിയ ദോഷമാണ് ചെയ്യുന്നത് പ്രകൃതിയെ കീഴടക്കാൻ വെമ്പുന്ന ശാസ്ത്രമല്ല ഇന്നിന്റെ ആവശ്യം മറിച്ച് പ്രകൃതിയോട് ഇണങ്ങി നിൽക്കുന്ന ശാസ്ത്രവും പെതുധാർമ്മികതയിൽ അടിയുറച്ചതുമായ ഒരു സംവിധാനം നമുക്കാവശ്യമാണ്. നിരുത്തപരമായ മാലിന്യം കൈകാര്യം ചെയ്യുന്നവരെ നിയമപരമായി കൈകാര്യം ചെയ്യണം. മാലിന്യത്തിന്റെ ഉറവിടസംസ്കരണത്തിനും പുനർഉപയോഗത്തിനും പദ്ധതികൾ ആവിഷ്കരിക്കുക ഭരണകൂടത്തിൽ ഏറ്റവും പ്രധാനപ്പെട്ട കടമകളിൽ ഒന്നാണ്

"പ്രകൃതിയോട് ഒത്തുപോകുന്ന ഒരുവികസനവീക്ഷണമാകട്ടെ
നവകേരള നിർമ്മാണത്തിന്റെ അടിസ്ഥാനം........."



ബിയ സാജു

# വർണങ്ങൾ വരകളിലൂടെ



– ഹിത പർവിൻ



– മെഹറിൻ പി.എൻ

# അച്ഛന്

എൻ മിഴിനീർ പൊഴിയുമ്പോഴു-
ടയുന്ന മാനസമാണെന്റെ താതൻ
താതനായുള്ളതിന്നപ്പുറമെന്റെ
വഴികാട്ടിയാണെനിക്കച്ഛൻ
രക്തമാകുന്ന ബന്ധത്തിലുമേറെ
ശക്തമാണെൻ താതബന്ധം
എൻ ഇടനെഞ്ചുപിടയുമ്പോൾ , മിഴിനീര്
പൊടിയുമെന്നച്ഛന്റെ കണ്ണിൽ
അച്ഛന്റെ നെഞ്ചിലെ ചൂടുപറ്റി
ക്കിടന്നുമയങ്ങിയ നാളുകൾ , ഞാനെന്നുമോർക്കുന്നു.
മാതൃപിതൃഭ്രാതൃമിത്രങ്ങളായെൻ കഥ-
യിലെ നായകനാണെന്റെയച്ഛൻ
അച്ഛനെയോർക്കുമ്പോൾ എന്റെ മനസ്സി-
ലാഹ്ലാദമുണരുന്നു എന്നുമെന്നും
അച്ഛന്റെ പുഞ്ചിരിയെന്നുള്ളിലെന്നു
മുറങ്ങുന്നത് ഞാൻ അറിയുന്നു......
എൻ താതൻ,എൻ ദൈവം,
എൻ താതൻ, എൻ കർമ്മം



മെഹറിൻ പി.എൻ

# മൊബൈൽ ഗുണങ്ങളും ദോഷങ്ങളും

അനാവിശ്യവസ്തു എന്ന് ഒരു കാലത്ത് വിലയിരുത്തപ്പെട്ടിരുന്ന മൊബൈൽ ഫോണുകൾ ഇന്ന് അത്യാവശ്യ വസ്തുക്കളുടെ പട്ടികയിൽ സ്ഥാനം പിടിച്ചു കഴിഞ്ഞു.

ചില സന്ദർഭങ്ങളിലെങ്കിലും ഏറെ ഉപകാരപ്രദമായ ഈ ഉപകരണം നമ്മുടെ കുട്ടികൾക്കിടയിൽ ഉണ്ടാക്കുന്ന സ്വാധീനം ചെറുതല്ല. കൂട്ടുകാരുടെയൊപ്പം കളിച്ചുംവീഡിയോകളും ഓഡിയോകളും ആസ്വദിക്കുന്നവർ.. അങ്ങനെ മൊബൈൽ ഉപഭോഗത്തിന്റെ നല്ലതും ചീത്തയുമായ എല്ലാ വിഭാഗങ്ങളിൽപ്പെട്ടവരേയും നമുക്ക് ചുറ്റും എവിടെയും കാണാം. കുട്ടികളിൽ നിന്നും കുട്ടിത്തം അകലുന്നതിൽ കുറ്റപ്പെടുത്തുമ്പോൾ അതിനു കാരണങ്ങളിൽ ഒന്നായ മൊബൈൽ ഫോണിനെ കുറ്റം പറയുമ്പോൾ അതിലേക്ക് തള്ളി വിടുന്ന മാതാപിതാക്കളെ വിസ്മരിച്ചു കൂടാ. മുതിർന്നവരെയാണല്ലോ കുട്ടികൾ മാതൃകയാക്കുന്നത്.. നമ്മൾ മലയാളികൾ 'കളിപ്പാട്ടം കിട്ടിയ കുട്ടിയുടെ 'നിലവാരത്തിലേക്ക് താഴുകയാണോ എന്നു സംശയിക്കത്തക്കതായിരിക്കുന്നു നമ്മുടെ മൊബൈൽ ഉപയോഗരീതി. മൊബൈൽ ക്യാമറ ഉയർത്തുന്ന പ്രശ്നങ്ങൾ അതീവ ഗുരുതരമായവയാണ്. മൊബൈൽ ഫോണിൽ സംസാരിക്കുന്നതു കൊണ്ടുണ്ടാകുന്ന റോഡ് അപകടങ്ങൾ മറ്റൊരു വിഷയം. ഏതൊരു ചടങ്ങിൽ ചെന്നാലും മറ്റുള്ളവരുമായി ആശയവിനിമയം നടത്താൻ കൂട്ടാക്കാതെ തന്റെ മൊബൈലുമായി ഒരിടത്ത് ഒതുങ്ങിയിരിക്കുന്നവർ മറ്റൊരു കാഴ്ച. മൊബൈൽ കൊണ്ട് യാതോരു ഉപകാരവും ഇല്ലെന്നൊന്നും രണ്ടു പേർ തമ്മിൽ സംസാരിച്ചു കൊണ്ടിരിക്കെ ഒരാൾക്ക് ഫോൺ വന്നാൽ 'എക്സ്ക്യൂസ് മീ' എന്നു പറഞ്ഞ് മാറി നിന്നു ഫോൺ എടുക്കാനുള്ള മര്യാദ നാം നിത്യേന കാണുന്നവരിൽ പലർക്കും ഇല്ല. ഭീകര പ്രവർത്തങ്ങൾക്ക് പിന്നിൽ, നമ്മുടെ പെൺകുട്ടികൾ വഴി തെറ്റുന്നതിനു പിന്നിൽ എല്ലാം ഒരു പങ്ക് മൊബൈൽ ഫോണിനുമുണ്ട് എന്നതു വിസ്മരിച്ചു കൂടാ.. ഈ അവസ്ഥ മാറേണ്ടതുണ്ട്. ബോധവൽക്കരണം കുട്ടികളിൽ നിന്നാണു തുടങ്ങേണ്ടത് എന്നതിൽ സംശയമില്ല. മൊബൈൽ ഫോൺ മാത്രമല്ല, ഏതൊരു സാങ്കേതിക വിദ്യയും നാം എങ്ങനെയാണ് അതിനെ ഉപയോഗപ്പെടുത്തുന്നത് എന്നതിനെ ആശ്രയിച്ചാണ് അത് നല്ലതും ചീത്തയും ആകുന്നതെന്നിരിക്കെ, നമ്മുടെ അടുത്തതലമുറയിലെ കുഞ്ഞുങ്ങളിൽ നല്ല മൊബൈൽ ശീലങ്ങൾ വളർത്താൻ നമുക്ക് പരിശ്രമിക്കാം..........



എലിസബത്ത് ഷിജു

# പുതുമണം

പുതുമണം പൊങ്ങുകിലെന്തന്നറിയാത്ത
പുതുയുഗ; കർഷകപ്പേരക്കിടാങ്ങളോ
പെരുവിരൽ,ചൂണ്ടുവിരലുകൾ കൊണ്ടങ്ങു
പൊത്തിപ്പിടിക്കുന്ന ഘ്രാണേന്ദ്രിയഗ്രവ്യ

ശുചിത്വമില്ലാത്തുള്ള വമ്പനംപട്ടണ
മൊന്നിലകപ്പെട്ടപോലെഴ
ചേഷ്ടകൾ  കാട്ടുമിവർക്കാരു ചൊല്ലുനാൻ
"ഇഷ്ടമായ മണ്ണിനെ വാരിയെടുത്താട്ടു"

മണ്ണിന്റെ മാറു പിളർന്നെടുത്തുണ്ണുകി
ലെണ്ണവില്ലാത്തുള്ള നന്മ കൊയ്യേറാം
മണ്ണിൻ പുതുമണം പൂമണമാക്കിടാം
വിണ്ണിൽ നടക്കുന്ന മണ്ണിൻ കിടാങ്ങളെ........



ആൻ മേരി ബെന്നി

# തനിയെ ഇരിക്കുമ്പോൾ...

ഈ ലോകത്തിൽ തനിയെ ഇരിക്കുന്ന അവസ്ഥ ആർക്കും തന്നെ അനുഭവവേധ്യമാകാതിരുന്നിട്ടില്ല. എന്നാലത് ആർക്കും തന്നെ പ്രിയങ്കരവും അല്ല. ഇതിനു കാരണം, നമ്മുടെ ദുഷ് പ്രവർത്തികൾ മൂലം മറ്റുള്ളവർ നമ്മെ ഉപേക്ഷിക്കപ്പെടുന്നത് ആകാം. ഓരോരുത്തർക്കും അവരുടെ സാഹചര്യങ്ങൾക്കൊത്താണ് ഈ അവസ്ഥ അനുഭവവേദ്യമാകുന്നത്,എനിക്കും ഉണ്ടായിട്ടുണ്ട് അത്തരം ഒരു അവസ്ഥ...

ഇതിനു കാരണം എന്റെ മനസ്സിൽ കെട്ടിനിൽക്കുന്ന വേദനകളും ആകുലതകളും ഒക്കെയാണ്. അങ്ങനെ ഒരിക്കൽ കെട്ടിക്കിടക്കുന്ന ഭാരങ്ങളുമായി എന്റെ സ്കൂൾ ബസ്സിൽ ഞാൻ കയറി. അന്ന് എന്റെ അടുത്തിരിക്കുന്ന കുട്ടി വന്നിട്ടില്ലായിരുന്നു. സീറ്റിന്റെ ഷട്ടർ പൊക്കിയപ്പോഴാണ് ഞാൻ അന്നേ ദിവസം ആകാശത്തേക്ക് ഒന്നു നോക്കുന്നത്. ആകാശം മൂടി ഇരിക്കുന്നു. ഇന്നലത്തെ മഴയുടെ തുടർച്ചയായിരിക്കും ഇന്ന് എന്നു ഞാൻ വിചാരിച്ചു. രണ്ട് വണ്ടിയ്ക്ക് പോലും പോകുവാനാകാത്ത ആ റോഡിലൂടെ ഞാൻ എന്റെ സ്കൂൾ ബസ്സിൽ പോയപ്പോൾ എന്നെ ശല്യപ്പെടുത്താനായി വഴിയരികിൽ ചാഞ്ഞുനിൽക്കുന്ന ചെടികൾ. ഇന്നലത്തെ മഴയുടെ ആഘാതത്തിൽ വെള്ളത്തിൽ പൂണ്ട് നിൽക്കുന്ന ചെടികളും കൊച്ചുമരങ്ങളും എന്റെ ബസ്സിൽ വന്നടിച്ച് എന്റെ മുഖത്തിലെ വൃത്താകൃതിയിലുള്ള ചുവന്ന കുപ്പി പൊട്ടിനെ പരത്തി പല ആകൃതിയിലും ആക്കി മാറ്റി . എന്റെ മുഖത്തിലെ ചമയങ്ങളെ മായിച്ചു കളഞ്ഞ മഴ തുള്ളികളെ ഞാൻ വെറുത്തില്ല. ഞാൻ തനിയെ ആണ് ഇരിക്കുന്നത് എന്ന് കരുതിയാവണം ആ മഴത്തുള്ളികൾ കൂട്ടിനായി വന്നത്.

ഞാൻ അത്യധികം സന്തോഷിച്ചു. ഞാൻ ഒറ്റക്കാണ് എന്ന എന്റെ അന്യവിചാരത്തെ ചിന്തയാൽ ഒഴുക്കിക്കളഞ്ഞു ആ മഴത്തുള്ളികൾ. അതിലൂടെ എനിക്ക് ബോധ്യമായി എത്ര തനിച്ചിരുന്നാലും നമ്മൾ അറിയാതെ തന്നെ നമുക്ക് കൂട്ടിനായി പലരും വന്നു പോകുന്നു. ചിന്തകളുടെ അനന്തവിശാലമായ ലോകത്തേയ്ക്ക് അങ്ങനെ ഞാൻ കടന്നുചെന്നു.....





ആൻമരിയ ബേബി

# പ്രളയം

ഒരു നാൾ നിലയ്ക്കാതെ
പെയ്തൊരു പേമാരി
ആർത്തലയ്ക്കുന്നൊരു നദിയായ്
ആ നദിയോ , കവിഞ്ഞൊഴുകി
നാടിനെ ഒന്നായി വിഴുങ്ങുന്നു.....
നദിതൻ പരപ്പിൽ തലയുയർത്തി
അതുപിന്നെ ,
നീണ്ടു വളർന്ന് തെങ്ങിൻതലപ്പുകളും
വൈദ്യുതകമ്പികളും പോസ്റ്റുകളും
തോരാ മഴയ്ക്കൊപ്പം കാറ്റടിച്ചെത്തിയതിൽ
മണ്ണടർന്നിളകിയ മലകളും ,,
ഇടിഞ്ഞടർന്നൊത്തിരി പുരകളും
പാവങ്ങൾ ഊതിക്കാച്ചിയ സ്വപ്നങ്ങളും
ഒക്കെയും കൊണ്ടുപോയി മഹാപ്രളയം
ഇന്നാടിനെയൊക്കെ പുഴയിലാഴ്ത്തി.........
നിലയ്ക്കാതെ കേൾക്കാം എനിക്കാ-
നിലവിളികൾ,കരകവിഞ്ഞൊഴുകിയ പുഴയുടെ
ഓളപ്പരപ്പിൽ തെന്നിനീങ്ങുന്നു
ധ്രാനികളായി ജാതിയും മതവും മറന്നവർ
ഒന്നിച്ചു കൈക്കൂപ്പി മാപ്പിരന്നു,
പ്രക്രുതിയോടൊന്നിച്ചു കൈക്കൂപ്പി മാപ്പിരുന്നു



അപർണ്ണ ജെ

# മദ്യ നിരോധനത്തിന്റെ പ്രസക്തി

"മദ്യം വിഷമാണ്, അതുണ്ടാക്കരുത്, കൊടുക്കരുത്, കുടിക്കരുത് "

ഇവ മലയാളികളെ നവോത്ഥാനത്തിലേക്ക് നയിച്ച ശ്രീ നാരായണ ഗുരുവിന്റെ വാക്കുകളാണ്. എന്നാൽ ഇന്ന് അദ്ദേഹത്തിന്റെ നാടായ കേരളത്തിലാണ് ഏറ്റവുമധികം മദ്യദുരന്തങ്ങളുണ്ടാവുന്നത് എന്ന വസ്തുത വേദനാജനകമാണ്. മദ്യം ഏതു പ്രായക്കാരെയും നാശത്തിലേക്ക നയിക്കുന്നു. കുടുംബബന്ധങ്ങളിൽ വിള്ളലുണ്ടാക്കുന്നു.

"അച്ഛന്മാർ മദ്യപിക്കുമ്പോൾ കുട്ടികൾ അതിന്റെ തിക്തഫലം അനുഭവിക്കുന്നു" എന്ന ഫ്രഞ്ച് മുദ്രവാക്യം ഇന്ന് പ്രാധാന്യമർഹിക്കുന്നു. തന്റെ സമ്പാദ്യം മദ്യത്തിനായി ധൂർത്തടിക്കുന്ന മാതാപിതാക്കളുണ്ടെങ്കിൽ കുട്ടികൾക്ക് വീട്ടിൽ സുരക്ഷിതത്ത്വബോധം ഉണ്ടാകുകയില്ല. കുടുംബബന്ധങ്ങളുടെ പ്രധാന ഉദ്ദേശ്യം തന്നെ കുട്ടികൾക്ക് സുരക്ഷിതത്ത്വം ഉണ്ടാക്കുന്നതിനാണ്. അരക്ഷിതാവസ്ഥയും മനോവിഷമങ്ങളും കുട്ടികളുടെ പഠനത്തെ തീർച്ചയായി ബാധിക്കും മാതാപിതാക്കളുടെ പാതയിലേക്ക തന്നെ അവർ വഴുതി വീഴും. അങ്ങനെ ഒരു തലമുറ തന്നെ നശിക്കും. കൗമാരത്തിൽ മദ്യത്തിന് അടിമയായാൽ പിന്നെ മോചനം കിട്ടുക ബുദ്ധിമുട്ടാണ്.

ഒരിക്കലും രോഗി രോഗശാന്തി കാംക്ഷിക്കാത്ത മഹാരോഗമാണ് മദ്യപാനം. സർക്കാരും മദ്യ വിൽപ്പന ആരംഭിച്ചതോടെ സുലഭമായ മദ്യം സർക്കാർ തന്നെ നിരോധിക്കയുണ്ടായി. ലക്ഷോപലക്ഷം കുടുംബങ്ങളാണ് ഇതിനാൽ രക്ഷപെട്ടത്. മിക്ക വീടുകളും ശാന്തമായി ഉറങ്ങാൻ തുടങ്ങി. വിദ്യാലയങ്ങളിലെ വിജയ ശതമാനവും വർധിച്ചു എന്നതു തന്നെ ഇതിന്റെ ഉത്തമമായ തെളിവാണ്.

മദ്യപിച്ചു വാഹനമോടിച്ചു അപകടങ്ങളുണ്ടാക്കുക എന്നത് കേരളത്തിലെ സ്ഥിരമുള്ള കാര്യമാണ്. പലപ്പോഴും നിരപരാതികളാണ് അപകടത്തിന്റെ ദുരിതമനുഭവിക്കേണ്ടി വരുന്നത്. ഒരാൾ മരിച്ചാൽ അയാളുടെ കുടുബത്തിനാണ് നഷ്ടമുണ്ടാകുന്നത്.ആ ശൂന്യത പരിഹരിക്കാൻ മറ്റാർക്കുമാകില്ല. ഇതിനുപുറമെ വികലാംഗരാവുന്നവരുടെ എണ്ണവും നിരവധിയാണ്. ഇതെല്ലാം മദ്യം എന്ന വസ്തു സൃഷ്ടിക്കുന്നതാണ്.

ഒരു കുപ്പി മദ്യത്തിന്റെ വിലയേക്കാൾ എത്രയോ മടങ്ങ് മൂല്യം ഒരു ജീവനുണ്ട്. മദ്യപാനം എന്ന മഹാരോഗം മൂലമുണ്ടാകുന്ന രോഗങ്ങളും അനവധിയാണ്.

കുപ്പികളിലൂടെ ഭ്രാന്ത് കൈമാറുന്ന സ്ഥലമാണ് മദ്യശാല എന്ന് പറഞ്ഞത് ജേനതൻ സ്വിഫ്ടാണ്. ഈ കൈമാറ്റം വിജയകരമായി നിയന്ത്രിക്കാൻ സർക്കാറിന്റെ മദ്യത്തിനു കഴിഞ്ഞു. ജനങ്ങളെ നയിക്കുകയും ഉന്നതിയിലേക്കുയർത്തുകയും ചെയ്യുക എന്നതാണ് ജനാധിപത്യത്തിന്റെ കർത്തവ്യം എന്നവർ തെളിയിച്ചു.

കുറച്ചു മനുഷ്യരെങ്കിലും മദ്യത്തിൽ പെടാതെ രക്ഷപെട്ടു. അപകടനിരക്കുകൾ കുറഞ്ഞു. വിദ്യാർത്ഥികൾ ഉന്നത വിജയം കരസ്ഥമാക്കി എന്നതെല്ലാം മദ്യ നിരോധനത്തിന്റെ നേട്ടമാണ്.

സോദരരേയും താതന്മാരെയും നിഗ്രഹിക്കാൻ യാദവാന്മാരെ പ്രേരിപ്പിച്ചത് മദ്യമാണോ എന്ന വസ്തുത നമ്മുടെ ജീവിതത്തിൽ നാം ഓർക്കേണ്ടതുണ്ട്. ആൽക്കഹോളിന്റെ കുറഞ്ഞ അളവുപോലും അപകടസാധ്യത ഉയർത്തുന്നുവെന്നും ഏകദേശം 60% രോഗങ്ങൾ ഉണ്ടാകാനുള്ള സാധ്യതയെ വർധിപ്പിക്കുന്നുവെന്നും ശാസ്ത്രജ്ഞർ തെളിയിച്ചതാണ്.

**" മദ്യം എന്ന മഹാ വിപത്തിനെതിരായി നമുക്ക് പ്രവർത്തിക്കാം...... "**



ദീപിക എസ്.

# ഭൂമിദേവി

എന്നും എന്നും വിടരും ശോഭനീ....
പൂക്കളും പുഷ്പമരങ്ങളും
സസ്യലദാതികളും പുൽക്കളും
പുഴുക്കളും എങ്ങും ശോഭിച്ചീടുന്നു.

പ്രകൃതിമണിമാലകൾ ചാർത്തി
നീ മനോഹരമാം വിധം
എന്നും എന്നും
ലോകത്തെ പുതുക്കീടുന്നു.

സൂര്യനും ചന്ദ്രനും നക്ഷത്രവും
അതാ നീ വർണ്ണദേവതയെ
ജനിപ്പിച്ചും മഴയോടും
സുര്യനോടും ഇണങ്ങിയും പിണങ്ങിയും....



ലക്ഷ്മി പ്രിയ



www.lizzyd[illegible].com

# പ്രോത്സാഹിപ്പിക്കുന്ന ഒരു വാക്ക്

സ്കോട്ടിഷ് സാഹിത്യകാരനായിരുന്ന വാട്ടർ സ്കോട്ട്, ചെറുപ്പകാലത്ത് അത്ര സമർത്ഥനായിരുന്നില്ല. പഠനത്തിൽ പിന്നോക്കമായിരുന്നതിനാൽ സ്കോർട്ടിനേക്കുറിച്ച് ആർക്കും വലിയ പ്രതീക്ഷയൊന്നും ഇല്ലായിരുന്നു. എന്നാൽ ഒരു ചെറിയ സംഭവം ആ ജീവിതത്തെ മാറ്റി മറിച്ചു.

സ്കോട്ടിഷ് 12 വയസ്സുണ്ടായിരുന്നപ്പോൾ കവിയായ റോബർട്ട് ബോൺസ് പങ്കെടുത്ത ഒരു ചിത്ര പ്രദർശനത്തിൽ സംബന്ധിക്കുവാനിടയായി. അതിൽ ഒരു ചിത്രത്തിൻെറ അടിക്കുറിപ്പ് അവൻ ശ്രദ്ധിച്ചു. ഒരു ഇംഗ്ലിഷ് കവിയുടെ വരികളായിരുന്നു അവ.അവയുടെ അൽപ്പഭാഗം വ്യക്തമല്ലായിരുന്നു. ആ കവിത ആരുടേതെന്ന് ബോൺസിന് അറിയില്ലായിരുന്നതിനാൽ ആ കവിതയുടെ കർത്താവിനേക്കുറിച്ച് തിരക്കി, പക്ഷെ ആ ചിത്രപ്രദർശത്തിൻെറ സംഘാടകർക്കും അതിനേക്കുറിച്ച് അറിവില്ലായിരുന്നു. അവർ തങ്ങളുടെ അജ്ഞത വെളിപ്പെടുത്തിയപ്പോൾ സ്കോട്ട് മുന്നോട്ട് വന്ന് കർത്താവിൻെറ പേരുപറഞ്ഞ് അതിൻെറ ബാക്കിഭാഗം ചൊല്ലി കേൾപ്പിച്ചു. അപ്പോൾ ബോൺസ് അവനെ പ്രശംസിച്ചുക്കൊണ്ട് പറഞ്ഞു മോനെ, നീ മിടുക്കനാണ്, നീ ഒരിക്കൽ പ്രശസ്തനാകും; ബോൺസിൻെറ പ്രോത്സാഹനം സ്കോട്ടിൻെറ ജീവിതം വഴിതിരിച്ചു.

നമ്മുടെ പ്രോത്സാഹനത്തിന് ബാലമനസ്സുകളിൽ നല്ലസ്വാധീനമുണ്ട്. അവസരത്തിനൊത്ത പ്രോത്സാഹനം കൊടുക്കുവാൻ സാധിച്ചാൽ അത് വലിയ ഒരു സേവനമായിരിക്കും.

ഇത് അവരെ തന്റെ കഴിവുകൾ കൂടുതൽ വികസിപ്പിക്കുവാൻ പ്രചോദിപ്പിക്കും. അവരുടെ നല്ല ഭാവിക്ക് പാത്രമാകും.അതോടൊപ്പം തന്നെ മറ്റുള്ളവരുടെ ആത്മവിശ്വാസവും ഉന്മേഷവും തകർക്കുന്ന രീതിയിലുള്ള വിമർശനം നാം ഉപേക്ഷിക്കണം, കാരണം നമ്മുടെ ഒരോ വാക്കുകളും മറ്റുള്ളവരെ വളരെയധികം സ്വാധീനിക്കുന്നു. അവ അവരുടെ ജീവിതത്തെ തന്നെ തകിടം മറിക്കാൻ സാധ്യതയുണ്ട്. ഒരോ വാക്കും മൂർച്ചയേറിയ അസ്ത്രത്തിനു തുല്യമാണ്.

നമ്മുടെ വാക്കുകൾ അപരന്റെ നന്മക്കാകട്ടെ, അവ അവരുടെ ജീവിതത്തിന് സഹായിക്കുന്നപോലെ തന്നെ നമ്മുടെ ജീവിതം ധന്യമാവട്ടെ..





മയൂൺ സാറാ തരകൻ

# ഉൾക്കനൽ

കൊഴിഞ്ഞു വീണൊരാമലർവസന്തം
ഇതളടർന്നുപോയൊരാ ചിരിവസന്തം
നിൻമന്ദഹാസമാം വെള്ളരിപ്രാവുകൾ.

ഇന്നുമെൻമനസ്സിൽകുറുകിടുന്നൂ
ഇങ്ങിനിയെത്താതെമാഞ്ഞൊരാ
സ്വപ്നങ്ങൾ നിറങ്ങളായി മറഞ്ഞിടുന്നു...
പറന്നകന്നൊരാ പ്രണയമാം പ്രാവിനെ
മറക്കുവാനാവാത്ത ഹൃദയവുമായി
ഏതോ വിമൂകമാമോർമ്മതൻ ചില്ലയിൽ
മോഹപ്പക്ഷികൾ കൂടണഞ്ഞു
അന്തരാത്മാവിലെനെരിപ്പോടിനുള്ളിൽ
എരിഞ്ഞടങ്ങിയ മോഹങ്ങളേ.
മോഹങ്ങളും മോഹഭംഗങ്ങളുമായി
എന്നിലെയിഷ്ടങ്ങൾ വീണുറങ്ങി
മോഹസരിത്തിന്നലകളിലെന്നുടെ
കണ്ണുനീർത്തുള്ളികളലിഞ്ഞുചേർന്നു
നിൻമന്ദഹാസമാംവെള്ളരിപ്രാവുകൾ
ഇന്നുമെൻമനസ്സിൽകുറുകിടുന്നൂ .



ഭുവന ഇ

# ഗ്രേറ്റ എർമാൻ തൻബർഗ്


ഗ്രേറ്റ എർമാൻ തൻബർഗ് (ജനനം ജനുവരി 3, 2003). കാലാവസ്ഥ വ്യതിയാനവും തടയാനായി അന്താരാഷ്ട്രതലത്തിൽ ഉത്ബോധനം നടത്തുന്ന ഒരു സ്വീഡിഷ് പരിസ്ഥിതി പ്രവർത്തകയാണ്. 2018 ആഗസ്റ്റിൽ സ്വീഡിഷ് പാർലമെൻറ് കെട്ടിടത്തിന് പുറത്ത് കാലാവസ്ഥയ്ക്കായുള്ള സ്കൂൾ പണിമുടക്ക് ആരംഭിച്ചു.
ഡിസംബറിൽ യുണൈറ്റഡ് നേഷൻസ് ക്ലൈമറ്റ് ചേഞ്ച് കോൺഫറൻസിനെ അഭിസംബോധന ചെയ്തു. 2019 ജനുവരിയിൽ ദാവോസിലെ വേൾഡ് എക്കണോമിക്ക് ഫോറത്തിൽ സംസാരിക്കാൻ അവൾ ക്ഷണിക്കപ്പെട്ടു. 2018 ആഗസ്റ്റ് 20-ന് ഒൻപതാം ഗ്രേഡിൽ പഠിക്കുകയായിരുന്ന തൻബർഗ്, ഉഷ്ണതരംഗവും

കാട്ടുതീയും കഴിഞ്ഞ സമയത്ത് സെപ്റ്റംബർ 9 ന് സ്വീഡന്റെ പൊതുതിരഞ്ഞെടുപ്പിനുശേഷം മാത്രമേ സ്കൂളിൽ പോവുകയുള്ളൂ എന്ന് തീരുമാനിച്ചു. പാരീസ് എഗ്രിമെന്റ് അനുസരിച്ച് കാർബൺ ഉദ്വമനം കുറയ്ക്കാൻ ആവശ്യമായ നടപടികൾ സ്വീഡിഷ് സർക്കാർ എടുക്കണമെന്നായിരുന്നു അവളുടെ ആവശ്യം. പാർലമെന്റ് മന്ദിരത്തിന് പുറത്ത് **സ്കോല്സ്ട്രെജ്ക് ഫോർ ക്ലിമതെത്** (കാലാവസ്ഥയ്ക്ക് വേണ്ടി സ്കൂൾ പണിമുടക്ക്) എന്ന ബോർഡ് പിടിച്ചുകൊണ്ട് എല്ലാ ദിവസവും സ്കൂൾ സമയത്ത് കുത്തിയിരിപ്പ് സമരം നടത്തി. പൊതുതിരഞ്ഞെടുപ്പിനുശേഷം, വെള്ളിയാഴ്ചകളിൽ മാത്രം സമരം തുടർന്നു.

തൻബർഗിന്റെ സമരം ലോകവ്യാപകമായ ശ്രദ്ധ പിടിച്ചു പറ്റി. വിദ്യാർത്ഥി പണിമുടക്കുകളിൽ പങ്കെടുക്കാൻ ലോകമെമ്പാടുമുള്ള സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രചോദിതരായി.2018 ഡിസംബറിൽ, 270 ൽ അധികം നഗരങ്ങളിൽ 20,000 വിദ്യാർത്ഥികളാണ് സമരം നടത്തിയത്. ഫ്ലോറിഡയിലെ പാർക്ക്ലാൻഡ് സ്കൂളിലെ കൗമാരക്കാരായ പ്രവർത്തകരുടെ മാർച്ച് ഫോർ അവർ ലൈഫ് ആണ് തന്റെ സമരങ്ങൾക്ക് പ്രചോദനം എന്ന തൻബർഗ് പറഞ്ഞിട്ടുണ്ട്.



ഐഷ വി ഇ



# എന്താണ് ജീവിതം.........

കാലത്തിന്റെ അനന്തമായ പാതയിലൂടെ
ജീവിതം എന്ന മഹായാത്രാ
എവിടെ തുടങ്ങിയെന്നോ
എങ്ങോട്ടു പോകുമെന്നോ
അറിയാതെ വിധിക്കൊപ്പം നമ്മളും...
സർവ്വം ക്ഷണികമാം,
സർവ്വം ശൂന്യമാം
വിധിതൻ വിശാലപ്രവാഹം

നാളെ ഒരു പക്ഷേ നാമെല്ലാം
ഒരു ഓർമ്മപോലും അല്ലാതായി തീരും
ഇപ്പോൾ മനസ്സിൽ തോന്നുന്നുമ
"എന്താണ് ജീവിതം".

സാൻസിയ സജി

## മലാല യുസഫ്‌സായ്....

ഒരു കുട്ടി ഒരു അധ്യാപിക ഒരു പുസ്തകം പിന്നെയൊരു പേന ഇവയ്ക്ക് ഈ ലോകം മാറ്റിമറയ്ക്കാൻ സാധിക്കും...നമ്മൾ ഭയക്കുന്നവരാണ്,എന്നാൽ നമ്മുടെ ഭയം നമ്മുടെ ധൈര്യത്തോട്അടുത്തുവരില്ല....

- തോക്കുകൊണ്ട് ഭീകരരെ നമ്മൾ വധിക്കുന്നു.എന്നാൽ നമ്മൾ വിദ്യാഭാസം കൊണ്ട് ഭീകരതയെ ഇല്ലാതാക്കണം...
- നിന്നെ മുന്നോട്ട് നയിക്കാൻ വെളിച്ചമില്ലാതാകുമ്പോൾ നിന്നോടൊപ്പം നടക്കാൻ ആരുമില്ലാതാകുമ്പാൾ ഓർക്കുക ഞാനെന്ന സുഹൃത്തിനെ....
- ലോകം നിശബ്ദമാകുമ്പോൾ എവിടെനിന്നെങ്കിലും ഉയരുന്ന ആ ശബ്ദത്തിനു ധീരത അധികമായിരിക്കും...
- ഒരു പുരുഷൻ ലോകത്തെ മാറ്റാമെങ്കിൽ എന്തുകൊണ്ട്

ഒരുസ്ത്രീക്കു സാധിക്കില്ല....



ദേവിക ബിനിഷ്

# കുപ്പായം

മരിച്ചവരുടെ കുപ്പായങ്ങൾ
അയലിൽ തൂങ്ങി
നമ്മെ വിഭ്രമിക്കും,
സങ്കടപ്പെടുത്തുന്ന
സ്വേദഗന്ധമുതിർക്കും
ഉള്ളിന്റെയുള്ളിൽ
ഉയർന്നു താഴുന്നൊരു
നെഞ്ചിൻ കൂട്ടുണ്ടായുരുന്നു-
വെന്ന് ഓർമ്മിക്കും.
അതിനുമകത്തു
പ്രിയമോലുന്നൊരു
ഹൃദയമുണ്ടായിരുന്നെന്നു
പറയാതെ പറയും.
ജീവന്റെ ചൂടേറി
നമ്മളെ നോവിക്കും!
മറന്നേക്കേയല്ലന്ന് കാറ്റിലാടും,
പ്രാർത്ഥനയിൽ കൂടണേ-
യെന്നു നെടുവീർപ്പിടും,
മേലെ മൺകൂനയുയർന്നതോർത്തു
മെല്ലെ നിശ്ചലമാവും!



ഫർസാന ഇല്ല്യാസ്

# പ്ലാസ്റ്റിക്ക് മലിനീകരണം

ലോകം നേരിടുന്ന പരിസ്ഥിതി പ്രശ്നങ്ങളിൽ പ്രധാനമാണ് പ്ലാസ്റ്റിക് മാലിന്യങ്ങൾ. മണ്ണിലലിയാത്ത പ്ലാസ്റ്റിക് മണ്ണിനും വെള്ളത്തിനും ജീവജാലങ്ങൾക്കും ഒരുപോലെ ഭീഷണിയാണ്. ഈ പ്രശ്നത്തിന് പരിഹാരമായ ഒരു എൻസൈം

കണ്ടെത്തിയിരിക്കുകയാണ് ഗവേഷകർ. ബ്രിട്ടനിൽ പോർട്സ്മൗത്ത് സർവ്വകലാശാലയിലേയും യുഎസ് ഊർജവകുപ്പിന് കീഴിലുള്ള നാഷണൽ റിന്യൂവബിൾ എനർജി ലബോറട്ടറിയിലേയും ഗവേഷകരാണ് പുതിയ കണ്ടുപിടുത്തത്തിന് പിന്നിൽ. 'പ്രൊസീഡിങ്സ് ഓഫ് നാഷണൽ അക്കാദമി ഓഫ് സയൻസസി'ലാണ് കണ്ടുപിടുത്ത വിവരം പ്രസിദ്ധീകരിച്ചത്.അപ്രതീക്ഷിതമായൊരു കണ്ടുപിടിത്തമായിരുന്നു ഇത്. 2016 ൽ ജപ്പാനിലെ കിയോ സർവ്വകലാശാലയിലേയും ക്യോടോ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലേയും ഗവേഷകസംഘമാണ് മാലിന്യശേഖരത്തിൽ നിന്ന് പ്ലാസ്റ്റിക് വിഘടനത്തിന് സഹായിക്കുന്ന ഇഡിയോനെല്ല സകായെൻസിസ് സഎന്ന ബാക്ടീരിയയെ കണ്ടെത്തിയത്. ഇതിനെ വിശദമായി പരിശോധിക്കുന്നതിനിടെയാണ്, പ്ലാസ്റ്റിക് ബോട്ടിലുകളുടെ നിർമ്മാണത്തിന് ഉപയോഗിക്കുന്ന പോളിഎതിലീൻ ടെറിഫ്തലേറ്റ് എന്ന പ്ലാസ്റ്റികിനെ വിഘടിപ്പിക്കാൻ സകായെൻസിസ് 201-എഫ് എന്ന എൻസൈമിന് സാധിക്കുമെന്ന് ഗവേഷകർ കണ്ടെത്തിയത്. സൃഷ്ടിക്കപ്പെടുന്ന എന്തിനും ഒരിക്കൽ നാശമുണ്ടാകുമെന്ന് പറയാറുണ്ട്. അതിന് അടിവരയിടുകയാണ് ഈ കണ്ടുപിടുത്തം.ഈ എൻസൈമിനെ മെച്ചപ്പെടുത്തിയാൽ, വിവിധ പ്ലാസ്റ്റിക് രൂപങ്ങളെ വിഘടിപ്പിക്കാനുള്ള അവസരമാണ് കൈവരുന്നിരിക്കുന്നത്. വ്യാവസായികാടിസ്ഥാനത്തിൽ ഉപയോഗിക്കാൻ പാകത്തിൽ ഈ എൻസൈം മെച്ചപ്പെടുത്താനുള്ള ശ്രമത്തിലാണ് ഗവേഷകർ ഇപ്പോൾ.



ഏദ്യ ജിജോ

## കുസൃതി ചോദ്യങ്ങൾ



1,ആർക്കും കേൾക്കാൻ പറ്റാത്ത ശബ്ദം ഏത്?

ഉ: നിശബ്ദം

2,ഭാരം നിറച്ച ഒരു ലോറിയെ ഒറ്റക്കാലു കൊണ്ട് പോക്കാൻ കഴിയുന്നത് ആർക്ക്?

ഉ:ഡ്രൈവർക്ക്

3,ചുണ്ടുകൾ തമ്മിൽ കൂട്ടിമുട്ടുമ്പോൾ എന്ത് സംഭവിക്കും?

ഉ: വായ അടയുന്നു

4,മുടിയിൽ ചൂടാൻ പറ്റാത്ത പൂവെത്?

ഉ:ഷാംപൂ

5,യജമാനനെ കാണുമ്പോൾ പട്ടി വാലാട്ടുന്നത് എന്തുകൊണ്ട് ?

ഉ:വാലു കൊണ്ട്

6,നേരെ നടക്കാത്ത ആര്?

ഉ: കുഴിയാന

7,ചെവിയിൽ കാലുവച്ച് ഇരിക്കുന്നത് ആരാണ് ?

ഉ: കണ്ണട

8,വാഹനവുമായി ബന്ധപ്പെട്ട നൃത്തരൂപം ?

ഉ:ബ്രേയ്ക്ക് ഡാൻസ്



നിഖിത രാധാകൃഷ്ണൻ

# ഉറങ്ങാത്ത നാളുകൾ

എന്റെ ഈ ജീവിതം
എന്നും എപ്പോഴും................
ശേഷിക്കുവോ  എന്നു –
എൻ  മനസ്സിലെ ചോദ്യം
ചോദിച്ചുറങ്ങാത്ത നാളിൽ
ഞാൻ കണ്ട എൻ സ്വപ്നത്തെ.......
ആ എൻ മനോഹരമാം
എൻ ജീവിതം........
ഈ പ്രപഞ്ചമാം പൂന്തോട്ടം
അത് എൻ  മനസ്സിനെ
ആനനന്ദിപ്പിക്കും................
ഒറ്റക്കിരുന്ന നാളിൽ അത്
എൻ മനസ്സിനെ കഴുകി–
യുണർത്തി......



സാറാ ലിയോൺസ്

# ആത്മവേദന

കരയാതിരിക്കുവാൻ കഴിയുമോനാടിന്റെ –
പതനങ്ങളല്ലയോ കൺമുമ്പിലെപ്പൊഴും.
ഒരുവാക്കു ചൊല്ലുവാൻ കഴിയാതെ ജീവന്റെ
കൊതിയോർത്തു മാത്രം വിതുമ്പുന്നു മാനുഷർ
പലതുണ്ടു ചൊല്ലുവാൻ ഭാരതാംബേ നിന്റെ
വിധിയോർത്തു പൊട്ടിക്കരഞ്ഞാൽ ക്ഷമിക്കണം.
മതികെട്ടഭീകരർ കൊന്നൊടുക്കീടുന്ന
വെടിയുണ്ട വർഷിച്ച പച്ചമാംസത്തിന്റെ
മണമിങ്ങടിക്കുന്നു ഹാ! നിന്റെ മക്കടെ
പച്ചമാംസത്തിന്റെ മണമിങ്ങടിക്കുന്നു.
അവിടെന്തുനിത്യം നടക്കുന്നു പഞ്ചാബിൽ
കുരുതിക്കളത്തിലെ പ്രേതപ്പിശാചുക്കൾ
നടമാടി രക്തം കുടിച്ചു മദിച്ചുകൊ–
ണ്ടേറിയുന്നു ജീവനായ് തോക്കിൻകരുക്കളെ.
വെടിയേറ്റു വീഴുന്ന പ്രാണനം പച്ചയ്ക്കു
പിടയുന്നനോവിലും എന്റെയാസോദരർ.
അവരെന്തുതെറ്റുകൾ ചെയ്തെന്നുപോലുമ–
ങ്ങറിയാതെ മണ്ണിൽ പിടഞ്ഞു മരിക്കുവാൻ.



എലിസബത്ത് ഡിജി

# തീപിടിച്ച ആമസോൺ

ബൊളീവിയ, ബ്രസീൽ, കൊളംബിയ, ഇക്വഡോർ, ഫ്രഞ്ച് ഗയാന, ഗയാന, പെറു, സുരിനേം, വെനിസ്വേല എന്നിങ്ങനെ 9 രാജ്യങ്ങളിലായി ചിതറിക്കിടക്കുന്ന ആമസോൺ ആഗസ്റ്റ് മാസത്തിൽ നേരിട്ടത്ത് വലിയൊരു കാട്ടുതീയാണ്. ഭൂമിയുടെ ശ്വാസകോശങ്ങളായിയാണ് ആമസോൺ മഴക്കാടുകള കണക്കാക്കുന്നത്.ലോകത്തിന് മുഴുവൻ ആവശ്യമായ ഓക്സിജന്റെ 20% ഉൽപ്പാദിപ്പിക്കുന്നത് ആമസോൺ കാടുകൾ ആണ്. അതോടൊപ്പം ഭൂമിയിലെ ഏറ്റവും സമ്പന്നമായ ജൈവവൈവിധ്യം നിലനിൽക്കുന്ന മേഖലയാണിത്. മൊത്തം 55 ലക്ഷം ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ഇവയുടെ നാശം . അതായത് 145 കേരളത്തിന്റെയും ഏകദേശം ഒന്നേമുക്കാൽ ഇന്ത്യയുടെയും വലിപ്പമുള്ള മഴക്കാടാണിത്. ബ്രസീലിലെ വടക്കൻ സംസ്ഥാനമായ റോറൈമയുടെ ഇരുണ്ട ചിത്രം നാസ കഴിഞ്ഞ ദിവസം പുറത്തുവിട്ടിരുന്നു. തീപ്പിടുത്തം ബഹിരാകാശത്തു നിന്നും കാണാൻ സാധിക്കുണ്ടെന്ന് നാസ വ്യക്തമാക്കി.നാഷണൽ ഇൻസ്റ്റിറ്റിയൂട്ട് ഫോർ സ്പേസ് റിസർച്ച് പുറത്തുവിട്ട ഉപഗ്രഹ വിവരങ്ങളനുസരിച്ച് ഈ വർഷം ജനുവരി മുതൽ ഓഗസ്റ്റ് വരെയുള്ള മാസങ്ങളിൽത്തന്നെ ആമസോൺ മേഖലയിൽ 74,000 -ത്തിലധികം തീപിടിത്തങ്ങളാണ് ഉണ്ടായിരിക്കുന്നത്. 2018 -നെ അപേക്ഷിച്ച് 83 ശതമാനം വർധനവാണ് കാട്ടുതീയുണ്ടാകുന്നതിൽ ഉണ്ടായിട്ടുള്ളതെന്നാണ് പറയുന്നത്. . ഭൂമിയുടെ മഴക്കാടുകളുടെ സംരക്ഷണത്തിനായി ചെയ്യണം. നാടിന്റെ ഭാവി സുന്ദരവും ശോഭനവുമാകട്ടെ.



ഏദ്യ ജിജോ

# തിരിഞ്ഞുനോട്ടം

പ്രഭാതനിമിഷ തിരക്കിനിടയിൽ
പുറത്തേക്കുനോക്കി ഞാനൊരുനിമിഷം
പ്രകൃതി തൻ അദ്ഭുതപ്രവാഹത്തിൽ ഞാൻ
ഒരുനിമിഷം ഒന്നലിഞ്ഞുപോയി
പരിസ്ഫുടം പ്രകൃതിതൻ സൗന്ദര്യം
ഹാ എത്ര സുന്ദരം വർണ്ണനാതീതം
ഇന്നീ മനുഷ്യർക്ക് നേരമില്ല
നേരമില്ലൊന്നിനും നേരമില്ല
മാമ്പൂ പൂക്കുന്നതു കാണുവാനോ
മാരിവില്ലിൻ വർണ്ണങ്ങൾ കാണുവാനോ
കുട്ടികളിന്ന് തൊടിയിലില്ല
വീട്ടലാണിന്നിതവന്റെ ലോകം
ആലികൾ പൊഴിയും വർഷകാലം വന്നു പോയി,
ഇനൻ തൻ പ്രഭയും അഭിവൃദ്ധി പ്രാപിച്ചു
അവനതറിഞ്ഞില്ല വിരൽത്തുമ്പിലവന് വി[illegible]ലോകം
നേരമില്ലൊന്നിനും നേരമില്ല
ഡിജിറ്റൽയുഗത്തിലെ കാഴ്ചകളിൽ
അവൻ മതിമറന്നിടുന്നു.
പ്രകൃതിയെ ഓർക്കാതെ , ഓർക്കാതയവൻ
പ്രകൃതിയെ  നശിപ്പിച്ചിടുന്നു.
ഒരുനിമിഷം ഞാൻ തിരിച്ചുവന്നു.
എൻ  തിരക്കിലേക്കായി



അന്ന റോസ്

# ഇവേസ്റ്റ്

## എന്താണ് ഇ-വേസ്റ്റ് ?

ഭൂമിയെ വരെ നശിപ്പിക്കുവാൻ കഴിവുള്ള ഇലക്ട്രോണിക് മാലിന്യങ്ങളാണ് ഇ-വേസ്റ്റ്. ലോകമെമ്പാടും ഇന്ന് ഗൗരവമേറിയ വിഷയമായി ഇത് കണക്കാക്കപ്പെടുന്നു.

ആധുനികയുഗത്തിലാണ് നാമിന്ന് ജീവിക്കുന്നത് .കമ്പ്യൂട്ടർ,ഫോൺ, ടി.വി. അങ്ങനെ നിരവധി ഇലക്ട്രോണിക് ഉപകരണങ്ങൾ ഓരോ വീടുകളിലും ഉണ്ട്. ഇവ നശിച്ചു കഴിഞ്ഞാൽ പുനരുപയോഗിക്കുവാൻ നാം അധികം ശ്രമിക്കാറില്ല.വലിയ പാരിസ്ഥിതിക പ്രശ്നങ്ങളാണ് ഇവ സൃഷ്ടിക്കുന്നത്. ഓരോ ഇലക്ട്രോണിക് ഉപകരണങ്ങളും അവയുടെ പുതിയ പതിപ്പുകൾക്കനുസരിച്ചു പുതുക്കുവാനാണ് ഇന്നത്തെ സമൂഹത്തിന്റെ മുഖ്യ ജീവിതവ്യവസ്ഥയിൽ പ്രധാനം.

## ഇ-വേസ്റ്റ് ഇന്ത്യയിൽ

ഏറ്റവും കൂടുതൽ ഇ വേസ്റ്റ് ഉൽപ്പാദിപ്പിക്കപ്പെടുന്ന കാര്യത്തിൽ ഇന്ത്യ അഞ്ചാം സ്ഥാനത്താണ്. ഒരു വർഷം 2 ലക്ഷം ടൺ ആണ് ഇന്ത്യയിൽ ഉണ്ടാകുന്ന ഇ വേസ്റ്റിന്റെ അളവ് . ഇതിൽ 20 ശതമാനം മാത്രമേ പുനർ ചക്രമണം ചെയ്യുന്നുള്ളു.നിലവിൽ 18 ലക്ഷം ടൺ ഇ-മാലിന്യമാണ് ഇന്ത്യയിലുള്ളത്. ലോകവ്യാപകമായി ഇ-മാലിന്യങ്ങൾ 18 ശതമാനം നിരക്കിൽ വളർന്നപ്പോൾ ഇന്ത്യയിൽ ഇ-മാലിന്യത്തിന്റെ വളർച്ച 30 ശതമാനം നിരക്കിലാണെന്നതാണ് ഞെട്ടിപ്പിക്കുന്ന മറ്റൊരു വിവരം.

## മലിനീകരണം പലവിധത്തിൽ

അലക്ഷ്യമായി ഇലക്ട്രോണിക് ഉപകരണങ്ങൾ വലിച്ചെറിയുന്നത് പരിസ്ഥിതിയിലെ ജലം, വായു മണ്ണ് എന്നിവ മലിനമാകുന്നതിന് കാരണമാകുന്നു.തുടർന്ന് അർബുദം എന്നിങ്ങനെസുള്ള വിവിധ രോഗങ്ങൾക്ക് സാധ്യത തെളിക്കുന്നു. ഇതിൽ അടങ്ങിയിരിക്കുന്ന മെർക്കുറി മനുഷ്യനുൾപ്പടെ അല്ല ജീവജാലങ്ങൾക്ക് അപകടകരമാണ്.ഇവയുടെ അളവ് ക്രമാതീതമായി വർദ്ധിക്കുന്നത് ഭൂമി വാസയോഗ്യമല്ലാതാകുന്നു.

## പരിഹാരമാർഗ്ഗങ്ങൾ

ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഉപയോഗംപരമാവധികുറയ്ക്കുന്നതു വഴി ഈ പ്രശ്നത്തിന് ഒരു പരിധിവരേ പരിഹാരം കാണുവാൻ സാധിക്കുന്നു. അതുപോലെ ഇലക്ട്രോണിക്ക് ഉപകരണങ്ങൾ കേടായാൽ ഉടൻ തന്നെ കളയാതെ നന്നാക്കുവാൻ ശ്രമിക്കുക.പൂർണ്ണമായി നശിച്ചവ പുനർനിർമ്മാണ ശാലകളിൽ കൊടുക്കുകപരിസ്ഥിതി സൗഹൃദ ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങുക .

**"നാളേയ്ക്കായി ഒരു നല്ല ദിനം കുറിച്ച് വയ്ക്കാം ... "**



**കാർത്തിക ബൈജു**

# മിക്കോ 2

കുട്ടികൾക്ക് നല്ലൊരു ചങ്ങാതിയാകുവാൻ മിക്കോയുടെ രണ്ടാമൻ അവതരിച്ചിരിക്കുകയാണ്. മൂന്നു വർഷം മുൻപ് അവതരിപ്പിച്ച റോബട്ടിന്റെ പുതിയ



പതിപ്പായ മിക്കോ 2 ഏറെ മികവുകളോടെയാണ് വിപണിയിലെത്തുന്നത്. മെച്ചപ്പെട്ട പേരന്റൽ കൺട്രോൾ സംവിധാനങ്ങൾ, മികച്ച ക്യാമറ, മൈക്ക്, ഇമോഷനൽ ഇന്റലിജൻസ് എന്നിവയാണ് മിക്കോയുടെ പുതിയ പതിപ്പിൽ ഉള്ളത്. മുംബൈ ആസ്ഥാനമാക്കിയുള്ള ഇമോടിസ് എന്ന റോബോട്ടിക്സ് സ്റ്റാർട്ടപ്പ് നിർമ്മിച്ചിരിക്കുന്ന മിക്കോ 2 റോബോട്ട് കുട്ടികൾക്ക് നല്ലൊരു കൂട്ടുകാരനാണ്. മൂന്നു വീലുകളിൽ സഞ്ചരിക്കുന്ന ഈ റോബോട്ടിന് കുട്ടികളോട് സംസാരിക്കുവാൻ കഴിവുള്ളതാണ്. കുട്ടികളോടു സംവദിക്കുന്നതിനു പുറമേ പരീക്ഷയ്ക്കു പഠിക്കാനും ഹോം വർക് ചെയ്യാനുമൊക്കെ അവരെ ഓർമിപ്പിക്കാനുള്ള ഉത്തരവാദിത്തബോധവും മിക്കോ റോബട്ടിനുണ്ട്. റോബട്ടിന്റെ മുന്നിലുള്ള സ്ക്രീനിലാണ് ഭാവപ്രകടനങ്ങൾ നടത്തുക. ഹേയ് മിക്കോ എന്നു വിളിച്ചാൽ മിക്കോ ഓടിയടുത്തെത്തും. ഓഫിസിലും മറ്റും ആയിരിക്കുന്ന സമയത്ത് രക്ഷിതാക്കൾക്കു കുട്ടികളോടു സംസാരിക്കുന്നതിനായി വിഡിയോ കോൾ സംവിധാനവും മിക്കോയിലുണ്ട്.



**അലീഷ ഷൈജു**

# മൂർച്ച

പലകാലം സഞ്ചരിച്ച് പലതും
ഗ്രഹിച്ചപ്പോഴാണ് വാക്കിന്റെ മൂർച്ചയറിഞ്ഞത്.
രാകുമ്പോൾ പല മടങ്ങ് മൂർച്ച
വർധിക്കുന്ന കത്തി കണക്കെ
ഏറിനിൽക്കുന്നു വാക്കുകളുടെ മൂർച്ച
നോട്ടങ്ങളുണ്ട് ; ഏറെ മൂർച്ച
മൂർച്ചയും ശക്തിയും തമ്മിലുള്ള
ബന്ധം ഹാ ബന്ധം !
ശക്തിയുള്ളതതിന് മൂർച്ച കൂട്ടും
ഭഗവാൻ കൃഷ്ണൻ തൻ
സുദർശചക്രം പറന്നു  മൂർച്ചയ്ക്ക് മാതൃകപോൽ !
മൂർച്ചകൾ മൂർച്ചിച്ച് മൂർച്ചിച്ച് ത്രുപവ്യതിയാനം
വന്ന് ഭൂഗോളത്തിനുമപ്പുറത്ത് സഞ്ചരിച്ചു
പിന്നെയും ഒരു മൂർച്ച
കത്തിജ്ജ്വലിച്ച് ആകാശത്തുനിന്ന്
പടിഞ്ഞാറേ കടലിൽ മുങ്ങി
പ്രഭാതത്തിലുദിച്ച് ഉച്ചക്ക് ജ്വലിച്ചു!
ഇങ്ങനെ പിന്നെയും പിന്നെയും
മൂർച്ചയുടെ പര്യായങ്ങൾ



ക്രിസ്റ്റിന മോൾ സാജു

# ചിത്രവും ചിന്തയും

ഹൃദയം ജീവന്റെ ഉറവിടം. മനസ്സിന്റെ മഹനീയമായ ആസ്ഥാനം. ഉരുകി ഉറച്ച ഊർജ്ജപ്രവാഹം. സമ്മർദ്ദങ്ങളുടെയും സംഘർഷങ്ങളുടെയും ഏറ്റുവാങ്ങൽ നടക്കുന്നിടം. ധീരനും ഭീരുവും സൃഷ്ടിക്കപ്പെടുന്നിടം.

മനുഷ്യമനസ്സിന്റെ ആഴവും പരപ്പും അളക്കാനോ അടയാളപ്പെടുത്താനോ ആവില്ല. ആരുടെയും ആജ്ഞക്കനായികാത്തുനിൽക്കാതെയുള്ളൊരു കർമ്മാനുഷ്ഠാനമാണ് ഹൃദയത്തിന്റേത്. യുഗപുരുഷന്മാരേയും ഗുരുഭൂതന്മാരേയും നെഞ്ചിലേറ്റി നീതിയുടെയുംനന്മയുടെയും ഉപാസനയായി ആരുടെ മുന്നിലും താഴാതെ താലകുനികികാതെ നിലനിൽപിനു വേണ്ടി നിലപാടുകൾ മാറ്റാതെ ശാസനങ്ങൾക്കു മുന്നിൽ മൗനാനുയായിയാക്കതെ മൂല്യങ്ങൾ മുറുകെ പിടിച്ച് ക്രാന്തദർശിയായൊരു കർമ്മയോഗിയായ് അപൂർവ്വമായി ആയിരപതിനായിരങ്ങളിൽ ഒരാൾ ഒപ്പമുണ്ടാകും....

ആശ ആവേശവുമായി. ലോകത്തിലെ സകലഭാഷകൾ പഠിച്ചാലും മഹത്ഗ്രന്ഥങ്ങൾ മനഃപാഠമാക്കിയാലും ഹൃദയ വഴികളിലൂടെ മാത്രം സഞ്ചരിക്കുന്നവനാണ് അനുചരർക്ക് ആശ്വാസമാകുന്നത് ...... ഒരു മനുഷ്യൻ പാഠമായും പാഠശാലയായും പരിമണിക്കുന്നത്. മരണത്തിന് മായ്ക്കാൻ കഴിയാത്തവിധം ജനപ്രിയ ജന്മമായ് ഓരോ ഹൃദയത്തിലൂടെ കടന്നു പോകും .

കാതോർക്കുന്നവർക്ക് കേൾക്കാം......



ജിഷാ ജോസ്

# എന്റെ മാത്രം യാത്ര

നീയും ഞാനും യാഥാർത്ഥ്യത്തിൽ നിന്നും
നീ മാത്രമായി മാറാൻ പോകുന്ന ആ നിമിഷം
നിന്റെ ജീവിതത്തിൽ...... ആ നിമിഷം അടുത്തു കഴിഞ്ഞു
എന്റെ ജീവിതത്തിലെ തെളിഞ്ഞുനിന്ന വിളക്കിനെ
ഊതിക്കെടുത്തുന്ന ആ യാത്ര.......
നിന്നെ വിട്ടു പോകുന്ന ആ നിമിഷം.
പെയ്യുവാൻ പോകുന്ന കാർമേഘത്തെപോലെ
നിന്റെ ഈ ഓർമ്മ എന്റെ മനസ്സിൽ
പൊട്ടുമാറ് വിങ്ങിനിൽക്കുന്നു.....
നീ എനിക്കൊരു മഹാരഹസ്യമാകുന്ന ആ നിമഷം
ഇന്നലയിലേക്ക് ഞാൻ പരിപൂർണ്ണമായി
ഞാൻ യാത്ര പറയുകയാണ്
വന്നതു പോലെത്തന്നെ ഞാൻ തനിയെ പോവുകയാണ്
യാത്രക്കുള്ള സമയം വളരെ അടുത്തുകഴിഞ്ഞിരിക്കുന്നു.
നീയും ഞാനും യാഥാർത്ഥ്യത്തിൽ നിന്നും
നീ മാത്രമായി മാറാൻ പോകുന്ന
നീ മാത്രം.......................



ദീപിക എസ്

# കാനൺ

"ശരീരത്തിനകത്ത് കടത്തി ചിത്രങ്ങൾ എടുക്കാവുന്ന ക്യാമറയുണ്ടെങ്കിൽ ചികിത്സ എത്ര എളുപ്പമായേനേ....."തകേഷി മിതാറായി എന്ന ജപ്പാൻ കാരനായ ഡോക്ടർ തന്റെ ചങ്ങാതിമാരോടു ഇടയ്ക്കിടെ പറയും.1900-ത്തിന്റെ തുടക്കകാലം.ജർമ്മനിയിൽ നിർമ്മിച്ച ക്യാമറകളായിരുന്നു അന്ന് വിപണിയിൽ കൂടുതലും. ഈ ക്യാമറകളിൽ മിക്കതും നിലവാരം കുറഞ്ഞവയായിരുന്നു. കൊച്ചു ക്യാമറകളെക്കുറിച്ച് ലോകം ചിന്തിച്ചു തുടങ്ങിയിട്ടു പോലുമില്ല.

ഗോറോ യോഷിത, സബുറോ യുചിഡ, ടെയ്ക്കോമയേഡ എന്നീ ചങ്ങാതിമാർക്കൊപ്പം തകേഷിമിതാറായി 1933-ൽ ഒരു പരീക്ഷണശാല സ്ഥാപിച്ചു ; പ്രിസിഷൻ ഒപ്റ്റിക്കൽ ഇൻസ്ട്രുമെന്റ് ലബോറട്ടറി. താൻ മനസ്സിൽ കണ്ടതുപോലെയുള്ള ക്യാമറ നിർമ്മിക്കുകയായിരുന്നു ലക്ഷ്യം. ടോക്യോ നഗരത്തിലായിരുന്നു കമ്പനി. മികച്ചൊരു ക്യാമറയ്ക്കു വേണ്ടി അവർ പരിശ്രമിക്കാൻ തുടങ്ങി. ഒരു വർഷത്തിനു ശേഷം അവർ, മനസ്സിൽ കണ്ടതുപോലെ ഒരു ക്യാമറയുണ്ടാക്കി. മറ്റ് ക്യാമറകൾക്കില്ലാത്ത പല പ്രത്യേകതകളും പ്രിസിഷൻ കമ്പനിയുടെ ക്യാമറയ്ക്ക് ഉണ്ടായിരുന്നു. അതിന് അവർ ഒരു പേരുമിട്ടു ; ക്വാനോൺ (KWANON) പുതുമയുള്ള ക്യാമറയ്ക്ക് ആവശ്യക്കാർ കൂടി. 1935-ൽ കമ്പനി കാനൻ (CANON) എന്ന ട്രേഡ് മാർക്കിന് അപേക്ഷ സമർപ്പിച്ചു. ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഒരു ബഹുരാഷ്ട്ര കോർപ്പറേഷനാണ് കാനൺ. ഛായാഗ്രഹണ, വീക്ഷണാനുബന്ധ ഉപകരണങ്ങളുടെ നിർമ്മാണമാണ് ഇതിന്റെ പ്രവർത്തന മേഖല. ഛായാഗ്രാഫി, പ്രിന്റർ, സ്കാനർ, ബൈനോക്കുലർ, കാൽകുലേറ്റർ എന്നിവയുടെ നിർമ്മാണം ഇതിലുൾപ്പെടുന്നു. 1937 ഓഗസ്റ്റ് 10-നാണ് ഇത് സ്ഥാപിതമായത്. ജപ്പാനിലെ ടോക്യോയിലെ ഒട്ടായിലാണ് ഇതിന്റെ കേന്ദ്ര കാര്യാലയം പ്രവർത്തിക്കുന്നത്.

രണ്ടാംലോകമഹായുദ്ധം ശക്തി പ്രാപിച്ച കാലം.യുദ്ധാവസാനം ജപ്പാൻ പരാജയപ്പെട്ടു. ജപ്പാനിൽ സാമ്പത്തികപ്രതിസന്ധി രൂക്ഷമായി.ഇതോടെ കമ്പനി പൊതുജനങ്ങൾക്ക് ഓഹരികൾ വിറ്റ് പണം സ്വരൂപിക്കാൻ തീരുമാനിച്ചു. കുറച്ചു വർഷങ്ങൾക്ക് ശേഷം അവർ പുതിയ കണ്ടുപിടിത്തവുമായി തിരിച്ചെത്തി.....



ഭുവന ഇ

# പുതുമഴ

അന്ന് മഴയായിരുന്നു,പുതുമഴ. അമ്മയില്ല, ഞാൻ മഴയത്തിറങ്ങി കളി ആരംഭിച്ചു. മഴത്തുള്ളികൾ എന്നെ ചുംബിച്ചുകൊണ്ട് ശരീരത്തിലൂടെ ഒഴുകിയിറങ്ങി. അമ്മ വന്നത് ഞാനറിഞ്ഞില്ല. അടിയുടെ കയ്പ്പ് എനിക്ക് നുകരേണ്ടി വന്നു. ക്ലാസിൽ കുട്ടികൾക്ക് അടി കിട്ടുമ്പോൾ കളിയാക്കാറുള്ളത് ഞാനോർത്തു. എന്തോ എനിക്ക് വിതുമ്പൽ വന്നു. കുറച്ചു കഴിഞ്ഞപ്പോൾ അമ്മ അടുത്തു വന്നു. അമ്മയെ കണ്ടപ്പോൾ എന്റെ സങ്കടം കൂടി. "സാരമില്ല, നിനക്ക് അസുഖം ഒന്നും വരാണ്ടിരിക്കാനല്ലേ". എന്നെയലിയിക്കാൻ ഈ വാക്കു മാത്രം മതിയായിരുന്നു. പിന്നെ ഞാനും അമ്മയും മഴയത്തിറങ്ങി. മഴയെന്ന ദൈവത്തിന്റെ വരദാനം ഞങ്ങളാസ്വദിച്ചു. പ്രകൃതിയെന്ന അമ്മയുടെ സ്നേഹവും അന്ന് ഞാൻ തിരിച്ചറിഞ്ഞു...



സഫ്വാന യാസ്മിൻ

# പ്രകൃതി സംരക്ഷണം

" ഇനിയും മരിക്കാത്ത ഭൂമി നിന്നാസന്ന മൃതിയിൽ നിനക്കാത്മശാന്തി" കവികൾ ദീർഘദർശികളാണെന്ന് പറയാറുണ്ട്.അതിന്റെ ഒരു പ്രതിഫലനമാണ് ഒ എൻ വി കുറുപ്പിന്റെ ഈ വരികളിൽ വ്യക്തമാകുന്നത്.

ഭൂമി മരിച്ചുകൊണ്ടിരിക്കുകയാണ്... മനുഷ്യൻ പ്രകൃതിയുടെ ഉത്തമസൃഷ്ടിയാണെന്നതിൽ തർക്കമില്ല. പക്ഷേ പ്രകൃതിയെ മാലിന്യങ്ങൾ വലിച്ചെറിയാനുള്ള നിക്ഷേപശാലയായും ഭൂമിയെ കല്ലും കരിയും എണ്ണയും കുഴിച്ചെടുക്കുവാനുള്ള ഖനനകേന്ദ്രമായും അവൻ കണക്കാക്കിക്കഴിഞ്ഞു. ഇന്നു വീടുകളിൽ ഒഴിവാക്കാനാകാത്ത യന്ത്രങ്ങളിലൊന്നാണ് റെഫ്രിജറേറ്റർ. . അവയിൽ നിന്നു വരുന്ന പുക അന്തരീക്ഷമലിനീകരണത്തിനു കാരണമാകുന്നു. കാട് വെട്ടി കോൺക്രീറ്റ് റോഡുകളുണ്ടാക്കുകയും വയലുകൾ നികത്തുകയും ചെയ്ത് സുനാമിയും വെള്ളപ്പൊക്കവും വന്ന് പരിസ്ഥിതി ബോധത്താൽ അലമുറയിട്ടിട്ടു കാര്യമില്ല. ഒരിക്കലും നശിക്കില്ലാത്ത പ്ലാസ്റ്റിക്കിന്റെ പ്രതിരോധഭാവം മണ്ണിനേയും അവ വലിച്ചെറിയുന്ന ജലത്തേയും മലിനമാക്കുന്നു. 'പാദസ്പർശം ക്ഷമസ്വമേ' എന്നുപറഞ്ഞാണത്രെ നാം മലയാളികൾ ഭൂമിയിൽ സ്പർശിച്ചിരുന്നത്. അത്രമാത്രം ഭൂമിയേയും ഭൂപ്രകൃതിയേയും ബഹുമാനിക്കുകയും സംരക്ഷിക്കുകയും ചെയ്തിരുന്ന ഒരു പാരമ്പര്യമായിരുന്നു നമ്മുടേത്.

എന്നാൽ ഇതേ മലയാളികൾ തന്നെയാണ് പരിസ്ഥിതി നശീകരണപ്രവർത്തനങ്ങളിൽ ഇന്ന് മുന്നിൽ . ഇന്ന് കേരളത്തിലെ ഏതൊരു നദിയിലേക്കു തിരിഞ്ഞുനോക്കിയാലും അവയെല്ലാം മലിനമായി കിടക്കുന്ന അവസ്ഥയാണ് നമുക്ക് കാണാൻ സാധിക്കു പരിസ്ഥിതിയെ സംരക്ഷിക്കുക,പരിസ്ഥിതി സംരക്ഷണത്തിന്റെ വക്താക്കളായി മാറുക അതായിരിക്കട്ടെ നമ്മുടെ ലക്ഷ്യം. പരിസ്ഥിതിക്ക് ഒരു തണലായി തണൽ മരമായി പടർന്നു പന്തലിക്കാൻ നമുക്ക് പരിശ്രമിക്കാം. ഭൂമിയുടെ പരിശുദ്ധിക്കും ഹരിത ശോഭക്കും വേണ്ടി നമുക്ക് പ്രയത്നിക്കാം പ്രകൃതിയെ സംരക്ഷിക്കാം...നമ്മുടെ മാതാവിന്റെ നെഞ്ചുപിളർക്കുന്ന രക്തരക്ഷസ്സുകളാകരുത് നമ്മൾ.....നമ്മുടെ ഭൂമി ഇന്നേക്കും എന്നേക്കും എന്ന സങ്കൽപത്തോടുകൂടി നമുക്കേവർക്കും ഒത്തുചേരാം.പ്രകൃതി സംരക്ഷണത്തിനുവേണ്ടി.....



ദീപിക . എസ്

# മക്കളുടെ കടമ..............

ഒരിടത്ത് ഒരു അമ്മയും മകനും ഉണ്ടായിരുന്നു.ഒരു ദരിദ്രകുടുംബമായിരുന്നു അവരുടേത്. വളരെ കാലങ്ങൾക്ക് മുമ്പ് തന്നെ ആ കുടുംബത്തിന്റെ നാഥൻ മരണമടഞ്ഞിരുന്നു. അതിനാൽ കുടുംബത്തിന്റെ എല്ലാ ഭാരങ്ങളും അമ്മക്ക് തന്റെ തോളുകളിൽ ഏറ്റെടുക്കേണ്ടതായി വന്നു. ഒരു മനുഷ്യന് എത്രത്തോളം കഠിനാധ്വാനം ചെയ്യാം എന്നതിന് ആ അമ്മ മകന് മാതൃകയായി. അതോടൊപ്പം ഒരു അമ്മയെന്ന നിലയിൽ താൻ ചെയ്യേണ്ട കർത്തവ്യങ്ങൾ അമ്മ മറന്നില്ല, തന്റെ കഷ്ടപാടുകളിലും ഒരേയൊരു മകനെ പഠിപ്പിച്ച് വലിയ നിലയിൽ എത്തിക്കണമെന്ന് അമ്മക്ക് വലിയ ആഗ്രഹമായിരുന്നു.

അമ്മയുടെ കഷ്ടപ്പാടുകൾ കണ്ട് വളർന്ന അവൻ തന്റെ ദൗത്യം കൃത്യതയോടെ നിർവ്വഹിച്ചു. പഠനത്തിലെന്നും അവൻ മികച്ച പുരോഗതി നേടിയിരുന്നു. ഇനി ഒരിക്കലും തന്റെ അമ്മയുടെ കണ്ണുകളിൽ നിന്ന് കണ്ണുനീർ വീഴരുതെന്ന് മകൻ ഉറപ്പിച്ചിരുന്നു. അവന്റെ ഓരോ ഉയർച്ചയിലും ആ അമ്മ സന്തോക്ഷിക്കുകയുണ്ടായി.

മകൻ പിന്നീട് പഠിച്ച് വലിയ ജോലി നേടി. അമ്മയ്ക്ക് താങ്ങായി തണലായി വർത്തിക്കുവാനായിരുന്നു അവനിഷ്ടം. അമ്മയുടെ എല്ലാ കാര്യങ്ങളും അവൻ സ്നേഹത്തോടെ ചെയ്തു കൊടുത്തു, അമ്മയുടെ ആഗ്രഹങ്ങൾ അവൻ നിറവേറ്റുകയും ചെയ്തു.

പരസ്പരം സ്നേഹിച്ച് ദരിദ്രമായ തന്റെ കുടുംബം ഒരു സ്വർഗ്ഗമാക്കി മാറ്റുന്നതിൽ ആ മകൻ വഹിച്ച പങ്ക് വലുതാണ്. മറിച്ച്, താൻ ഒരു ദരിദ്രക്കുടുംബത്തിൽ പിറന്നവനാണ്, അതിനാൽ എനിക്ക് പഠിക്കാൻ കഴിയില്ല എന്ന് അവൻ ചിന്തിച്ചിരുന്നെങ്കിൽ ആ കുടുംബം ഇന്ന് ഈ നിലയിൽ എത്തുകില്ലായിരുന്നു.

കുട്ടികളുടെ പ്രധാനദൗത്യം എന്നത് പഠിക്കുക എന്നതാണ്. അതുവഴി മികച്ച ഭാവി കെട്ടിപ്പടുത്ത് മാതാപിതാക്കളെ അഭിമാനിതരാക്കുക. നമുക്കായി തന്റെ ആരോഗ്യകാലം നീക്കി വച്ച അവർക്കായി നമുക്ക് ചെയ്യുവാൻ കഴിയുന്ന ഏറ്റവും നല്ല പ്രതിഫലം. അങ്ങനെ അവരെ സ്നേഹിക്കുക



മയൂൺ സാറാ തരകൻ

# <u>പറവകൾ</u>

മധുരസംഗീതമാലാപനം
കേട്ടുണരാം വാനനിരീക്ഷകരാകാം

കിളികളേ നിങ്ങളെന്തേ തിട്ടക്കത്തി-
ലിവിടെ വന്നെത്തി, എന്നെ വിളിക്കുവാൻ .

പഠിച്ചപാഠങ്ങളൊക്കെ മറക്കാതെ
സഹജരോടോത്തു  പോവാത്തതെന്തേ

അതുകണ്ടെന്റെ ശിരസ്സുകുനിഞ്ഞിതോ
അപകർഷാബോധമെന്നിലുണർന്നതോ

അഭിമാനിക്കുന്നു ഞങ്ങളീ ബോധത്തി-
ലറിവില്ലാത്തവരാകുല ഭാരത്താൽ,

വിലപിച്ചീടും മനുഷ്യരെക്കാണുവാൻ
ഇവിടെപ്പോരുവിൻ നിങ്ങൾക്കു സ്വഗതം.



ബിയ സാജു

# രക്തദാനം മഹാദാനം

"രക്തം നൽകുക" നമ്മൾ ഒരു പക്ഷേ ഡോക്ടർ അല്ലായിരിക്കാം. എങ്കിലും നമുക്ക് ഒരാളുടെ ജീവൻ രക്ഷിക്കാൻ സാധിക്കും. എങ്ങനെയെന്നായിരിക്കും.......? രക്തദാനത്തിലൂടെ....!

ഇനി നമുക്ക് രക്തദാനത്തിൻെറ ഗുണങ്ങൾ എന്താണെന്ന് നോക്കാം. നമ്മുടെ ടെൻഷൻ കുറയ്ക്കാൻ സാധിക്കും. നമ്മുടെ വിഷമകരമായ അവസരങ്ങളിൽ ആശ്വാസം ലഭിക്കും. ശാരീകികമായ ആരോഗ്യം മെച്ചപ്പെടും. നെഗറ്റീവായ ചിന്തകളൽ നിന്ന് മോചനം ലഭിക്കും. ഇതൊക്കെയാണ് എനിക്ക് കണ്ടെത്താനായ ചില കാര്യങ്ങൾ. ഒരാൾ അപകടം പറ്റി അത്യാസന്ന നിലയിലാണെന്ന് കരുതുക. അയാൾക്ക് അത്യാവശ്യമായി കുറച്ച് രക്തം വേണം. എന്നാൽ സഹായത്തിനായി ആരുമില്ലാത്ത അവസ്ഥ. അവിടെയാണ് പണം കൊടുത്ത് രക്തം വാങ്ങുന്നതിൻെറ സ്ഥാനം. ഒരു ഏകദേശ കണക്ക് അനുസരിച്ച് ഇരുപത് മുതൽ അൻപത് ഡോളർ വരെയാണ് കുറച്ച് രക്തത്തിന് മനുഷ്യർ നിശ്ചയിച്ചിരിക്കുന്ന വില. രക്തദാനത്തിലൂടെ ഒരു പരിധി വരെ നമുക്ക് ഹൃദ്രോഗങ്ങളും ഹാർട്ട് അറ്റാക്കും തടയാൻ സാധിക്കും. കാരണം രക്തദാനത്തിലൂടെ നമ്മുടെ ശരീരത്തിന്റെ ഓളം നിയന്ത്രണ വിധേയമാകും.

രക്തദാനത്തിന്റെ പ്രാധാന്യം എന്തെന്ന് പലർക്കും അറിയില്ല. അതിന്റെ ഗുണഫലത്തെ കുറിച്ച് പലർക്കും ധാരണയില്ല താനും. അതുകൊണ്ട് തന്നെ രക്തദാനത്തെ കുറിച്ചുള്ള സംശയങ്ങൾ ദൂരികരിക്കേണ്ടതുണ്ട്. നമ്മുടെ ശരീരഭാഗത്തിന്റെ എട്ട് ശതമാനം രക്തമാണ്. .ഒരു തവണ 300 മില്ലി മുതൽ 450 മില്ലി വരെ മാത്രമേ രക്തം എടുക്കുകയുള്ളൂ. അതായത് ഒരാളുടെ ശരീരത്തിൽ നാലര മുതൽ ആറ് ലിറ്റർ വരെ രക്തമുണ്ടാകും. പക്ഷേ രക്തം ഡൊണേറ്റ് ചെയ്യുമ്പോൾ പുതിയ രക്താണുക്കൾ ഉണ്ടാകും എന്ന ഗുണമുണ്ട്.രക്തം നൽകുന്നതുമായി ബന്ധപ്പെട്ട് നമ്മുടെ ഇടയിൽ ധാരാളം തെറ്റിദ്ധാരണകൾ ഉണ്ട്. രക്തം കൊടുത്ത് 24 മണിക്കൂർ വരെ ശാരീരികാധ്വാനം പാടില്ലെന്നേയുള്ളൂ. ഓഫീസിൽ ഇരുന്ന് ജോലി ചെയ്യുന്നവർക്ക് ഒന്നും ഭയപ്പെടാനില്ല.എല്ലാ പരിശോധനകൾക്ക് ശേഷമേ രക്തം എടുക്കുകയുള്ളൂ. മാത്രമല്ല അണുവിമുക്തമായ രക്തം മാത്രമേ ഉപയോഗിക്കുകയുള്ളൂ. ഒരു തവണ രക്തമെടുത്താൽ മൂന്ന് മാസം വരെ ഡൊണേറ്റ് ചെയ്യാൻ പാടില്ല.

**രക്തദാനം മഹാദാനം....**



**അസ്‌ലഹ അലിയാർ**

# പ്രകൃതി വർണ്ണങ്ങൾ

പച്ചപ്പട്ട് വിരിച്ചതുപോലൊരു

പ്രഭയേറുന്ന പുൽതകിട്
പിച്ചി, താമര, പൂക്കൾ വിടർത്തും
സുഗന്ധമടങ്ങിയ നിറപ്പകിട്ട്
നല്ലൊരു ചിത്രം വരച്ചതുപോലൊരു
പ്രഭയേറും നിറമുള്ള  വർണ്ണങ്ങൾ
ഉരുണ്ടുണ്ടൊരു കല്ലുണ്ട്
അതിൽ നിറയെ വെളുത്ത കൊക്കുകളും
അതിൽ കവി നിറമുള്ള ചിത്രമുണ്ട്
പച്ചിലയുള്ളൊരു മാവുണ്ട്
ധര നീലയാക്കും നീലാകാശം
അതിലായിരം പറവകൾ പറക്കുന്നു
മഞ്ഞ നിറമുള്ള സൂര്യനുണ്ട്
ആ സൂര്യൻ നയിക്കും ജനതയുണ്ട്
വനത്തിൽ നിറയും ചെഞ്ചുമപ്പ്
ആരുവിടർത്തുന്നൊരു നിറപ്പകിട്ട്
അപ്പോൾ വരുന്നിതാ
കറുത്ത നിറമുള്ള മേഘങ്ങൾ
ആ മേഘം പരത്തിയ വർണ്ണങ്ങൾ
മയക്കുന്നു നമ്മിലെ വർണ്ണങ്ങൾ



അപർണ്ണ ജെ

# രാഗങ്ങൾ ഓരോന്നായി

പാടുവാനറിഞ്ഞിട്ടും
പാടാതിരിന്നു ഞാൻ
പാലൊളി ചീന്തുമൊരു
ഗാനത്തിൻ ശീലുമായി
ചോദിച്ചീടുന്നു കൂട്ടരിന്നെന്നോടു
ആരു പകർന്നു നിനക്കീശീലുകൾ
മൂകമായി പോയി ഞാനുമന്നാ
ഉത്തരമില്ലാ ചോദ്യത്തിൻ നടുവിലും
മുത്തശ്ശിചൊല്ലിയിന്നെന്നോടായി
പൂങ്കവിൾ ചാരത്തു മുത്തമ്മിട്ട്
പണ്ടന്നു പണ്ടെ നിന്നുടെ നാളിലും
മൂളിഞാനൊരായിരം പാട്ടിന്റെ ശീലുകൾ
ഇന്നീ നാളുകളിലും പാടുന്നു ഞാൻ
ചോദ്യങ്ങളായിരം നിന്നോടുപോലെയും
മധുരമാം നിന്നുടെ സ്വരത്തിലൂടെ
കടന്നു പോകുന്നു ഞാനിന്നും
കനവുതൻ പാട്ടിന്റെ പാലാഴിയിൽ
മൊഴിയുക ഉണ്ണീ നിന്നുടെ കൂട്ടരോടും
മധുരമാം ശീലുകൾ ലഭിച്ചന്നു നിനക്കും
അമ്മ തൻ സുന്ദരക്കുട്ടിക്കുറുമ്പിനും
അറിയുക കൂട്ടരെ ! ഏന്നുടെ ശീലുതൻ
ഉറവിടമാം പാടുന്നു
ഞാനിട്ട പേരുതൻ പാരമ്പര്യം !



എലിസബത്ത് എൽദോസ്



Icon Skins
Copyright LEMONDO LLC

# തണൽ

പകൽ എരിഞ്ഞടങ്ങി കിളികൾ ചേക്കേറി. സായംസന്ധ്യ കുളിച്ചൊരുങ്ങി, രാത്രിയുടെ യാമങ്ങൾ ആരംഭിക്കുകയായി. സമയം മുൻ പോട്ട് പോകവെ മിത്ര ഓർമ്മകളുടെ അങ്ങേതലത്തിൽ ഒരു സഞ്ചാരം നടത്തി. ഓർമ്മയുടെ കൽപ്പടവുകൾ കയറി മിത്ര ചെന്നുനിന്നത് ഒരു കലാലയമുറ്റത്താണ്. വാകപ്പൂക്കൾ ചിതറിക്കിടക്കുന്ന മുറ്റം അരവിന്ദനെ വരവേറ്റു.അരവിന്ദൻ മിത്രയെ ആദ്യമായിയറിയുന്നത് കോളേജ് മാഗസിനിൽ അവളെഴുതിയ കവിതയിലൂടെയാണ്. ആ കവിത അവളിലേക്കുള്ള അവന്റെ പ്രണയത്തിന്റെ ആദ്യപടിയായിരുന്നു. അവൻ തന്റെ പ്രണയം മിത്രയെ അറിയിച്ചു. എങ്കിലും മൗനമായിരുന്നു അവളുടെ മറുപടി. വീണയായിരുന്നു മിത്രയുടെ ഉറ്റ തോഴി. കോളേജിൽ മിത്ര നേടിയ ആദ്യത്തെ സമ്പാദ്യം. വീണ അരവിന്ദന്റെ പക്ഷത്താണ്. "എന്റെ മിത്രേ നിനക്കൊന്ന് നേരത്തെ വന്നുകൂടെ, നിനക്കു വേണ്ടിയാണ് അരവിന്ദൻ കാത്തുനിൽക്കുന്നത്."

മിത്ര വരാന്തയിലൂടെ ലൈബ്രറിയുടെ മുന്നിലേക്ക് നടന്നു. അവിടെ അവൾ കണ്ടു തന്നെ പ്രതീക്ഷിച്ചിരിക്കുന്ന രണ്ട് മിഴികൾ . അവൾ പതിയെ അരവിന്ദന്റെ അരികിലേക്ക് നടന്നടുത്തു. കൺമഷിഎഴുതിയ അവളുടെ കുഞ്ഞികണ്ണുകളിലേക്ക് അരവിന്ദൻ പ്രേമാർദ്രതയോടെ നോക്കി. അവൾ പറഞ്ഞു. "അരവിന്ദൻ എനിക്ക് പ്രണയം ഇഷ്ടമാണ്. ഞാൻ പ്രണയിക്കുന്നുമുണ്ട്. പുഴയെയും പൂക്കളേയും ഉദയത്തെയും അസ്തമയത്തെയും ഞാൻ പ്രണയിക്കുന്നുണ്ട്. പക്ഷെ ഒരു വ്യക്തിയോട് എനിക്കിതുവരെ പ്രണയം തോന്നിയിട്ടില്ല." ഇത്രയും പറഞ്ഞ് കൊണ്ട് അവൾ തിരിഞ്ഞു നടന്നു. പാതിച്ചെന്ന് അവൾ തിരിഞ്ഞു നോക്കി. അർത്ഥശൂന്യമായി താൻ ചവച്ചുതുപ്പിയ വാക്കുകൾ കൊണ്ട് ഹൃദയം മുറിഞ്ഞൊരാൾ തന്നെയും നോക്കി നിൽ ക്കുന്നത് അവൾ കണ്ടു. സാരമില്ല ക്ഷണികമായ വേദന അത് കാലം മായ്ക്കും. വീണ ആകാംഷപൂർവ്വം മിത്രയോട് ചോദിച്ചു. അരവിന്ദൻ എന്ത് പറഞ്ഞു ? മിത്ര പതിയെ പുഞ്ചിരിച്ചുകൊണ്ട് നടന്നു. വീണ അരവിന്ദനോട് ചോദിച്ചു. അരവിന്ദൻ പറഞ്ഞു. മിത്ര എന്നെങ്കിലും എന്റെ സ്നേഹം മനസ്സിലാക്കും. കലാലയ ജീവിതം അവസാനിപ്പിച്ച് തറവാട്ടിലേക്ക് ചെല്ലുന്ന മിത്രയെ സ്വീകരിക്കാൻ മുത്തശ്ശൻ ഇല്ലെന്ന സത്യം മിത്രയ്ക്ക് ഉൾക്കൊള്ളാനായില്ല തനിക്ക് താങ്ങും തുണയുമായിരുന്ന ഒരു മരം വേരോടെ മറിഞ്ഞു വീണു. ഒരുപാടു നാളുകൾക്കു ശേഷം മിത്രയെത്തേടി ഒരു കത്തു വന്നു. അരവിന്ദന്റെ കത്തായിരുന്നു അത്. ഏകാന്തതയുടെ കയത്തിലകപ്പെട്ട മിത്രയ്ക്ക് അരവിന്ദന്റെ കത്ത് ജീവവായുവായി മാറി.

കത്തുകളിലൂടെ അവൾ പ്രണയിച്ചു. ഒരുപാടു നാളുകൾക്ക് ശേഷം അരവിന്ദൻ മിത്രയെ സ്വന്തമാക്കി. ഇലയടരുമ്പോഴേ ചില്ലു വെയിലറിയു. മുത്തശ്ശന്റെയും മുത്തശ്ശിയുടെയും വേർപ്പാടോടുകൂടിയാണ് മിത്ര അരവിന്ദന്റെ വിലയറിഞ്ഞത് ഒരു തണൽ മരം പോലെ മരുഭൂമിയിലെ മഴപോലെ അരവിന്ദൻ പെയ്തിറങ്ങി. മിത്രയുടെ ഹൃദയത്തിനുള്ളറയിലേക്ക് തണലായി താങ്ങായി അരവിന്ദൻ നിറഞ്ഞു.

# Thank you

## Little Kites Unit 2019-20